തമിഴകവും ദ്രാവിഡമാഹാത്മ്യവും

ചട്ടമ്പിസ്വാമി

തമിഴകവും ദ്രാവിഡമാഹാത്മ്യവും

ലേഖനങ്ങൾ

ചട്ടമ്പിസ്വാമികൾ

താളിളക്കം

2020

പേര്: **തമിഴകവും ദ്രാവിഡമാഹാത്മ്യവും**

ഭാഷ മലയാളം

വിഭാഗം: ലേഖനങ്ങൾ

രചന: ചട്ടമ്പിസ്വാമികൾ

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

തമിഴകവും ദ്രാവിഡമാഹാത്മ്യവും

അധ്യായം 1

ദക്ഷിണ ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള രാജ്യങ്ങൾക്കു തമിഴകം എന്നായിരുന്നു പേര്. ഈ ലേഖനം എഴുതാൻ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്, മിക്കവാറും, തമിഴർ; ആയിരത്തെണ്ണൂറു വർഷങ്ങൾക്കു മുമ്പ് – Tamils Eighteen hundred years ago – എന്ന ഗ്രന്ഥത്തെയാണ്. എ.ഡി. 50-150 എന്നീ വർഷങ്ങൾക്കു മദ്ധ്യേയുള്ള ചരിത്രകാലമാണ് ആ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത്. ഗംഗാനദിയുടെ മുഖത്തുള്ള താമ്രലിപ്തി (Tamralipte) എന്ന ദിക്കിൽ നിന്നും വന്നു കുടിയേറി പാർത്തവരിൽ നിന്നുമായിരിക്കണം 'തമിഴർ' എന്ന നാമം ഉണ്ടായതെന്നും അതിൽ പറഞ്ഞിരിക്കുന്നു. ഇവർ വരുന്നതിനു മുമ്പു തന്നെ ഇവിടെ ജനങ്ങൾ ഉണ്ടായിരിക്കുകയും, സ്ഥലങ്ങൾക്കു പേരു പേരു വിളിക്കുകയും ചെയ്തിരിക്കുമെന്നുള്ളതു തീർച്ചയാണ്. നാമാന്തരങ്ങൾ ഈ സ്ഥലത്തെക്കുറിക്കുന്നതായി കാണാത്തതിനാൽ തമിഴകം എന്നതിനെത്തന്നെ നമുക്കു സ്വീകരിക്കാം. ഇപ്പദത്തിന് ഇങ്ങനെ അർത്ഥം ഗ്രഹിച്ചിരിക്കുന്നു. തമിഴ് + അകം = മനോഹരമായ പ്രദേശം എന്നു താല്പര്യം. ഇതുപോലെ തന്നെ ദ്രാവിഡശബ്ദോ(നാമോ)ല്പത്തിയെക്കുറിച്ചും ഭിന്നാഭിപ്രായമുണ്ട്. തമിഴ് എന്ന പദം ഭേദപ്പെട്ട് (തമിഴ് = തമിൾ = ദമിള = ദ്രവിള = ദ്രവിഡ) എന്നായിത്തീർന്നു എന്നാണു ചിലരുടെ വാദം. ആര്യദ്രാവിഡന്മാരുടെ തിരിവിൻറെ ഇടമാകയാൽ 'തിരിവിടം' എന്നു ദേശനാമം ഉണ്ടാകുകയും അതു ദ്രാവിഡമാകയും ചെയ്തുവെന്ന് ഒരു വിദ്വാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. മിക്കവാറും, ദേശത്തിൻറെ നാമം തന്നെയാണു ഭാഷയ്ക്കുമിടാറുള്ളത്. ഇതിനെ (തമിഴ്) തമിഴകത്തെ ഭാഷ എന്നു പറയാം. തമിഴ് സംസാരിക്കാത്ത നാട്ടിനേയും ദ്രാവിഡദേശത്തിലുൾപ്പെടുത്തിയിട്ടുണ്ട്. തമിഴും മൂലദ്രാവിഡഭാഷയിൽനിന്നുത്ഭവിച്ചതാണല്ലോ. അപ്പോൾ തമിഴ് എന്ന പദം ദ്രാവിഡമായെന്നു പറയുന്നതിനേക്കാൾ തിരിവിടം ദ്രാവിഡമായെന്നു പറയുന്നതിനാണു കൂടുതൽ ന്യായം കാണുന്നത്. സ്ഥലത്തിൻറെ സ്ഥിതിയനുസരിച്ചു ദേശനാമം ഉണ്ടാകണമെന്നുള്ള പ്രധാന ന്യായപ്രകാരം ഇങ്ങനെയും ദ്രാവിഡശബ്ദത്തെപ്പറ്റി പറയാം. തിരു + ഇടം = തിരുയിടം = തിരുവിടം = തിരാവിടം = ദ്രാവിടം; ഐശ്വര്യമുള്ള, അഴകുള്ള പ്രദേശം എന്നർത്ഥം. ഇപ്പോഴുള്ള ദ്രാവിഡഭാഷകൾക്കെല്ലാം അടിസ്ഥാനം (Root) മൂലദ്രാവിഡമാണല്ലോ. തമിഴകത്തെ ഭാഷ (ഗ്രന്ഥഭാഷയായ ചെംതമിഴു വരും മുമ്പ്) നാടോടി(സംസാര)ഭാഷയായ കരിംതമിഴായിരിക്കണം. ഇതിനെ പരിഷ്കരിച്ചതായിരിക്കണം ഗ്രന്ഥഭാഷയായി തീർന്നിരിക്കുന്നത്. (ചെമ്മായന തമിഴ്) ചെംതമിഴ് = ചെം = ചെമ്മെ = അഴക്, ഇണക്കം. ചെവ്വെ, ശുദ്ധം. തം + മൊഴി = തമ്മൊഴി എന്ന പദം ക്രമേണ തമിഴ് എന്നായിത്തീർന്നു എന്നു വേറൊരു വിദ്വാൻ അഭി

പ്രായപ്പെട്ടിരിക്കുന്നത്, ഹേബ്രാ എന്ന വിളിമൊഴിയാണ് എമ്പിരാൻ (എമ്പ്രാൻ) ആയതെന്നു തെറ്റായി പറയും പോലെ, സ്വീകാര്യമായി തോന്നുന്നില്ല. ഇതിനേക്കാൾ തേൻ + മൊഴി = തെമ്മൊഴി തമിഴായി എന്നു പറയുന്നതാണു ഭേദം. മുത്തമിഴി(മുൻ തമിഴി)ൽ നിന്നു കരിന്തമിഴ്, ചെന്തമിഴ് എന്നവയും, കരിന്തമിഴിൽ നിന്നും മലയാളവും ഉണ്ടായി എന്നാണ് ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. കരിന്തമിഴെന്നാൽ സംസ്കരിക്കാത്ത തമിഴ് എന്നർത്ഥം. മുത്തമിഴിൽ നിന്നും ചെം(ശുദ്ധ)തമിഴുണ്ടായി എന്നു പറഞ്ഞപ്പോൾ അത് (മുത്തമിഴ്) കരിന്തമിഴായിരിക്കണമല്ലോ. ഒന്നിൽ നിന്നും തന്നെ രണ്ടു വിപരീതഗുണമുള്ളവ ഉണ്ടാകുന്നതാണോ എന്നു സംശയിക്കുന്നു. അതിനാൽ മുത്ത(കരിന്ത)മിഴിൽ നിന്നു ചെന്തമിഴ് ആദ്യമുണ്ടാകയും അതിൽ (കരിന്തമിഴിൽ) നിന്നു തന്നെ വളരെക്കാലം ചെന്ന ശേഷം മലയാളഭാഷ ഉത്ഭവിക്കയും ചെയ്തതായിരിക്കണം. ചെന്തമിഴിനും മലയാളത്തിനും തമ്മിൽ സഹോദരഭാവവും കരിന്തമിഴിൻറെ പുത്രീസ്ഥാനവും ലഭ്യമായി.

മൂലദ്രാവിഡഭാഷ എന്ന ഒന്നുണ്ടെന്നു പണ്ഡിതന്മാർ പറയുന്നതല്ലാതെ പ്രത്യക്ഷമായിട്ടില്ല. അതുകൊണ്ട് എല്ലാ ദ്രാവിഡഭാഷകളുടെയും മൂലം ഒന്നാണെന്നു മാത്രം വിചാരിക്കാം. ഇങ്ങനെയാകുമ്പോൾ ലോകത്തുള്ള എല്ലാ ഭാഷകളും ഒരേ ബീജ(ശബ്ദബ്രഹ്മ)ത്തിൽ നിന്നും ഉത്ഭവിക്കുന്നതായി പറയാവുന്നതാണ്. ആയതു വേദാന്തികൾക്കായി വിട്ടേക്കാം.

അധ്യായം 2

തമിഴകത്തിൻറെ അതിർത്തികൾ വടക്കു തിരുപ്പതി, തെക്ക് കന്യാകുമാരി, കിഴക്ക് ബംഗാൾ ഉൾക്കടൽ, പടിഞ്ഞാറ് അറബിക്കടൽ ഇവയാകുന്നു. ആയിരത്തെണ്ണൂറു വർഷങ്ങൾക്കു മുമ്പ് ഇവിടുത്തെ ഭാഷ തമിഴായിരുന്നു; മലയാളഭാഷ ഉത്ഭവിച്ചിട്ടില്ല. മലയാളികൾ ആദ്യം പശ്ചിമപർവ്വതത്തിൻറെ (western ghats) കിഴക്കേ ഭാഗങ്ങളിൽ പാർത്തുവന്നിരുന്നു. അന്നു മലയാളം പ്രത്യേകഭാഷ ആയിരുന്നിരിക്കയില്ല. പിന്നീട് അവർ പർവ്വതത്തിനു പടിഞ്ഞാറുള്ള പ്രദേശങ്ങളിൽ വന്നു താമസിച്ച ശേഷം ക്രമേണ ഭാഷയ്ക്കും ആചാരമര്യാദകൾക്കും ചില സാരമായ മാറ്റങ്ങൾ ഉണ്ടായിത്തുടങ്ങി. അന്നു മല അടുപ്പിച്ചു സമുദ്രമുണ്ടായിരിക്കയും, സമുദ്രം പടിഞ്ഞാട്ടു മാറിയ ശേഷം ഉണ്ടായ ഭൂമിയിൽ ജനങ്ങൾ പാർത്തു തുടങ്ങി കേരളം എന്നു പേരിടുകയും ചെയ്തിരിക്കണം. ഗോകർണ്ണം മുതൽ കന്യാകുമാരി വരെയുള്ള പ്രദേശം (കേരളം) സമുദ്രം മാറിയുണ്ടായതാണെന്നു ഐതിഹ്യവുമുണ്ടല്ലോ. സപ്തകൊങ്കണം പരശുരാമൻ സമുദ്രനിഷ്കാസനം ചെയ്തെടുത്ത ഭൂമിയാണെന്നു സഹ്യാദ്രിഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നതും ഓർക്കേണ്ടതാണ്. ആയതിനാൽ ഇവിട(കേരളം)മെല്ലാം ഒരു കാലം സമുദ്രത്തിനടിയിലായിരുന്നു എന്നതിനു സംശയമില്ല. മുമ്പുപയോഗിച്ചുവന്നിരുന്ന പതിവനുസരിച്ചായിരിക്കണം മേൽഭാഗത്തിനെ കിഴക്കാ(കീഴ്ഭാഗമാ)യും കീഴ്ഭാഗത്തിനെ മേക്കാ(മേൽഭാഗമാ)യും തെറ്റായി വിളിച്ചുവരുന്നത്. ഒരേ തരത്തിലുള്ള പല സ്ഥലപ്പേരുകളും മലയാളത്തിലും മിഴ്നാട്ടിലും ഇന്നും ഉപയോഗിച്ചുവരുന്നുണ്ടെന്നുള്ള സംഗതിയും വിസ്മരിച്ചുകൂടാത്തതാണ്. മലയാളത്തിലെ ആദിമനിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴും ആയിരുന്നു. എന്നാൽ എല്ലാ കാലത്തും ഗ്രന്ഥഭാഷ അല്ലെങ്കിൽ വരമൊഴി എന്ന് ഒരു വ്യത്യാസം എല്ലാ ജീവൽഭാഷകളിലും ഉള്ളതു പോലെ ഈ തമിഴിലും ഉണ്ടായിരുന്നു. ഗ്രന്ഥഭാഷയ്ക്ക് ചെന്തമിഴെന്നും, നാടോടിഭാഷയ്ക്ക് കരിന്തമിഴെന്നും ആണു തമിഴ് ഗ്രന്ഥകാരന്മാർ പേരിട്ടിരിക്കുന്നതെന്നു കേരളപാണിനി പറയുന്നു. തമിഴകത്തെ കൊടുന്തമിഴ് ഭാഷയ്ക്ക് തെക്കൻ തിരുവിതാംകൂർ, വടക്കേ മലയാളം എന്നീ പ്രദേശങ്ങളിലെ സംഭാഷണഭാഷയ്ക്കുള്ള വ്യത്യാസം പോലെ അല്പാല്പം ഭേദമുള്ളതായി കാണാം. ഉദാഹരണത്തിനു തിരുവല്ലാക്ഷേത്രത്തിലെ ചെമ്പുപട്ടയം ഭാഷ തിരുവിതാംകൂറിലെ പുരാവസ്തുശാസ്ത്രം (Archaeology) ഗ്രന്ഥാവലിയിൽ പ്രസിദ്ധം ചെയ്തിരിക്കുന്നതിൽ നിന്നും ഒരു ഭാഗം എടുക്കാം:-

“തിരുപ്പുകെക്കു ചന്തനം ഒരു കാണം; മാലെ കിഴക്കിൻ തിരുവടിക്കൊൻറു; പടിഞ്ഞായിറ്റു തിരുപടിക്കരൈ; .... തിരുവമിർതുകിഴക്കിൻ തിരവടിക്കു ഇരുനാഴി ഉരിയരി” .... ‘അരി’ എന്ന വാക്കു മലയാളത്തിലെ നടപ്പുള്ളൂ. തമിഴിൽ ‘അരിശി’ എന്നാണു പറയുക. ഇതിനെയാണ് ‘തിശച്ചൊൽ’ (ദേശ്യം) എന്നു പറ

യുന്നത്. ഇങ്ങനെയുള്ള വ്യത്യാസം എല്ലാ ദേശത്തും കാണുന്നതാണ്. വാഴ – വാഴൈ എന്നതിലെ മാറ്റങ്ങളും ഇങ്ങനെ വന്നതായി ഗണിക്കാവുന്നതാണ്. പൂർവ്വദിക്കിൽ നിന്നു കൂട്ടുകെട്ടു പിരിഞ്ഞു പശ്ചിമതീരത്തു വളരെക്കാലം താമസം ഉറപ്പിച്ചിട്ടുള്ളതിനാലും ഉച്ചാരണങ്ങളിൽ ഇങ്ങനെയുള്ള വ്യത്യാസങ്ങൾ വരാവുന്നതാണല്ലോ.

തിരുവല്ലാക്ഷേത്രം വക ചെമ്പുപട്ടയത്തിലെ എഴുത്തിനെക്കുറിച്ചു തിരുവിതാംകൂർ പുരാവസ്തുപരിശോധനസംഘാദ്ധ്യക്ഷനായിരുന്ന മി. ഗോപിനാഥറാവു ഇങ്ങനെ പറയുന്നു – “അതിൻറെ പദങ്ങൾ മുഴുവൻ തമിഴായിരിക്കുന്നു. വ്യാകരണനിയമം സ്വീകരിച്ചിട്ടില്ല. പുരാതന തമിഴുവ്യാകരണമായ തൊൽകാപ്പിയത്തിൽ തമിഴ് സംസാരിക്കുന്ന രാജ്യത്തിൻറെ അതിർത്തിയെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു. വടക്കു തിരുപ്പതിമല, തെക്കു കന്യാകുമാരി, കിഴക്കും പറഞ്ഞാറും സമുദ്രം; ആയതിനാൽ മലയാളദേശവും ഇതിൽപ്പെടുന്നു. ഇവിടത്തെ ദേശമര്യാദ, ജനസ്വഭാവം, ആചാരം മറ്റു സ്ഥാപനങ്ങൾ മുതലായവ പുരാതനതമിഴ്ദേശത്തിലുണ്ടായിരുന്നതുപോലെ തന്നെയിരിക്കുന്നു. വാക്കുകൾക്ക് ഇപ്പോൾ കാണുന്ന വ്യത്യാസം അരിശി, അരിയി, അരി ഇങ്ങനെ ഭേദപ്പെട്ടു വന്നതായിരിക്കണം...”

മലയാളഭാഷയുടെ ഉല്പത്തി ഇന്നും വിവാദവിഷയമായിരിക്കുന്ന ഒരു സംഗതിയാണല്ലോ. മലയാളസാഹിത്യചരിത്രസംഗ്രഹവിമർശത്തിൽ വടക്കുംകൂർ രാജരാജവർമ്മ അവർകൾ ഭാഷയുടെ ഉല്പത്തി സംസ്കൃതത്തിൽ നിന്നുമാണെന്നുള്ള കോവുണ്ണി നെടുങ്ങാടിയുടെ അഭിപ്രായത്തെ പിൻതാങ്ങിക്കൊണ്ട് അതിനെ ബലപ്പെടുത്തുന്നതിനു ചില ഉദാഹരണങ്ങളും എടുത്തുകാണിച്ച് ‘ആത്മപോഷിണി’യിൽ എഴുതിക്കണ്ടു. മലയാളത്തെ ഭാഷ = മലയാളി ഭാഷ. മലയാളം = മലപ്രദേശം ഇങ്ങനെ ഇപ്പദങ്ങൾക്ക് അർത്ഥം കല്പിക്കേണം.

അധ്യായം 3

ഭാഷയുടെ ഉല്പത്തി സംസ്കൃതത്തിൽ നിന്നാണെന്നു പറയുമ്പോൾ മലയാളികൾക്കു മുമ്പ് ഭാഷയെ ഇല്ലായിരുന്നുവെന്നോ അല്ലെങ്കിൽ മറ്റേതോ ഒരു ഭാഷ ഉപയോഗിച്ചിരുന്നെന്നോ വിചാരിക്കേണ്ടിയിരിക്കുന്നു. ഉല്പത്തി സംസ്കൃതത്തിൽ നിന്നു മാത്രമാണെങ്കിൽ ഉത്ഭവിച്ച ഭാഷയും സംസ്കൃതവുമായി യായൊരു വ്യത്യാസം കാണാതിരിക്കേണ്ടതാണ്. എന്നാൽ മലയാളത്തെ നോക്കുകയാണെങ്കിൽ സംസ്കൃപദങ്ങളെക്കാൾ സംസ്കൃതേതരപദങ്ങൾ ഒട്ടേറെ ഉണ്ടുതാനും. ഈ അസംസ്കൃതപദങ്ങൾ കടന്നുകൂടി എന്നു വികല്പിക്കയാണെങ്കിൽ ദ്രാവിഡഭാഷകളുമായുള്ള സംസർഗ്ഗാനന്തരം എന്നു പറയാം. ടി സംസർഗ്ഗം എന്നു മുതൽ പിടിപെട്ടു എന്നു തെളിയിക്കേണ്ടതാണെന്നു ചോദ്യം ഉദിക്കുമ്പോൾ അതിനുത്തരം പറയേണ്ടതു സംസർഗ്ഗവാദം പുറപ്പെടുവിച്ചയാളിൻറെ ചുമതലയായിത്തന്നെ വരും. അടിസ്ഥാനമില്ലാതെ കടം വാങ്ങാൻ ആശ ജനിക്കുന്നതു പ്രകൃതിവിരുദ്ധവും ഒരു പക്ഷേ ലഭിച്ചാൽ സൂക്ഷിക്കാൻ ഇടമില്ലാതെയും വരുമല്ലോ. അതിനാൽ രണ്ടു ഭാഷകളോടു കടം വാങ്ങി മൂന്നാമതു രണ്ടും കെട്ട് ഉണ്ടായി എന്നു പറയുന്നതു അസംബന്ധം തന്നെ; അങ്ങനെ ഏതൊരു ഭാഷ കൂടി ഉണ്ടായി എന്നു പറയുന്നതു പ്രസ്തുതവാദത്തിനു ബലം കൊടുക്കുന്നതുമാണ്. എപ്പോഴും എന്നും ഉപയോഗിക്കുന്ന പേരുകൾ ആത്മാവ്, ജീവൻ മുതലായവയാണെന്നു പറഞ്ഞിരിക്കുന്നതു പണ്ഡിതന്മാർക്കും യോഗികൾക്കും പറ്റിയതായി വന്നേക്കാം. സാധാരണന്മാർ തത്വചിന്തനവും ആത്മാജീവവാദങ്ങളും കൊണ്ടിരിക്കുന്നില്ല. ജീവസന്ധാനം പ്രധാനചുമതലയായി തലയിൽ ഉറയ്ക്കുമ്പോഴുണ്ടോ ഇത്തരം ആലോചനകൾ നാടന്മാരുടെ ഹൃദയനാഡിയിൽ നടനം ചെയ്യുന്നത്? ഏതൊരു വസ്തുവും അറിയപ്പെട്ടതിനു ശേഷമേ നാമം കല്പിക്കാറുള്ളൂ; അല്ലാത, സാധാരണയായി, നാമം കല്പിച്ച ശേഷമല്ല വസ്തുവെ അറിക. ഇങ്ങനെ വിചാരണ ചെയ്യുമ്പോൾ സൃഷ്ടി കഴിഞ്ഞാൽ ആദ്യമായി അറിയുന്നതു വിശപ്പ് മുതലായവയാണ്. ബാഹ്യവസ്തുക്കളെ അറിഞ്ഞശേഷം മാത്രമേ ആത്മാവ്, ജീവൻ മുതലായ അഗാധചിന്തയ്ക്കു പാത്രമായ വസ്തുക്കളെപ്പറ്റി ഗ്രഹിപ്പാൻ തരമാകുന്നുള്ളൂ. ഇവിടെ ആദ്യമായി ചിന്തിക്കുന്നതു ബാഹ്യമായ അവയവങ്ങളെക്കുറിച്ചാണ്. ഇതിനു സംസ്കൃതത്തിൻറെ സഹായം തീരെ ആവശ്യമില്ല തന്നെ. സംസ്കൃതപദങ്ങൾ ധാരാളം ഉപയോഗിച്ചു പരിചയിച്ചു പോയവർക്കോ സംസ്കൃതമേ പരിചയമുള്ളൂ എന്നു ഭാവിക്കുന്ന പുത്തൻകൂറ്റുകാർക്കോ പഴയവയൊക്കെ നെറ്റി ചുളിക്കത്തക്കവയെന്നും ഭാഷാപദങ്ങൾ 'സാരള്യവിഹീനാതി ദോഷദുഷ്ടാത്വാചശ്രുവണ പരുഷമേവ' എന്നു തോന്നിയെന്നും വരാം. ഇനി, മലയാളത്തു നടപ്പുള്ള പഴഞ്ചൊല്ലുകളെല്ലാം സംസ്കൃതഭാഷയിൽ നിന്നും ഉണ്ടായതാണോ എന്നു ചോദിക്കേണ്ടിയിരിക്കുന്നു. പഴഞ്ചൊല്ലുകൾ ഓരോ ഭാഷയ്ക്കും പ്രത്യേകമു

ള്ള പൂർവ്വസ്വത്തുക്കളുമാണല്ലോ. ഇവ സംസ്കൃത്തിൽ നിന്നു പിറന്നതാണെങ്കിൽ ഇത്രയും രൂപാന്തരം വന്നതിൽ സംസ്കൃത്തെ വളരെ ആക്ഷേപിക്കേണ്ടിയിരിക്കുന്നു. കണ്ണ്, മൂക്ക്, വായ്, നാക്ക്, ചെവിട്, താടി, ചുണ്ട്, കൈ, കാൽ, മുടി, തല, നെറ്റി, വിരൽ, കാത്, ഉള്ളങ്കാൽ, മുട്ട്, പൊക്കിൾ, ചന്തി, തുട, പല്ല്, ഉടൽ, പിരിയം, (പുരുവം), എല്ല്, തൊലി, ചോര, കൊഴുപ്പ്, ചത, തലച്ചോറ്, ഉമിനീര് മുതലായ ഏതു ഭാഷയിലുള്ള പദങ്ങളാണ് എന്നും നാം ഓർക്കേണ്ടതല്ലേ. നമുക്കു സ്വാതന്ത്ര്യമായി ഉണ്ടാക്കിവെച്ച മുതല് അനുഭവിച്ചുകൊണ്ട് അതിനെ കുറ്റം പറയുന്നതു നന്ദികേടല്ലയോ എന്നു സംശയിക്കുന്നു.

തമിഴിൽ നിന്നും പല പദങ്ങളും ഉണ്ടായിട്ടുണ്ട്. പല ഭാഷകളിൽ നിന്നും എന്ന പോലെയേ അവയെ വിചാരിക്കേണ്ടതുള്ളൂ. മധ്യമ മലയാളത്തിലേയും പ്രാചീനമലയാളത്തിലേയും എന്നു നാം വിചാരിക്കുന്ന സ്ഥിതിക്ക് അവയിലെ അക്ഷരവിനിമയക്രമം പിന്നീടുള്ളതിൽ നിന്നും വ്യത്യാസമാകാതിരിക്കാൻ തരമില്ല. എന്നാൽ ആ ദ്രാവിഡകൃതികളെ ഭാഷാഗ്രന്ഥങ്ങളായി ഗണിക്കുന്നതു യുക്തമല്ല. കേരളീയർ എഴുതിയിട്ടുള്ള പല സംസ്കൃതകൃതികളേയും എന്ന പോലെ മാത്രമേ നാമവയെക്കുറിച്ചു വിചാരിക്കേണ്ടതുള്ളൂ. രാമചരിതവും മറ്റും ഭാഷാകൃതികളാണെങ്കിൽ നാരായണീയവും തത്തുല്ല്യങ്ങളായ ഇതരകൃതികളും എന്തുകൊണ്ടു ഭാഷ ആയിക്കൂടാ ഇങ്ങനെ ലേഖകൻ അഭിപ്രായപ്പെട്ടിരിക്കുന്നു. സംസ്കൃതത്തിൽ നിന്നുമുള്ള പദങ്ങൾ മലയാളത്തിൽ കാണുന്നതു മേൽ പറഞ്ഞ പോലെ പല ഭാഷകളിൽ നിന്ന് എന്ന പോലെ എന്തുകൊണ്ടാണെന്നോ ലേഖകൻ വിചാരിക്കാതിരിക്കുന്നത്? സംസ്കൃതപദങ്ങളെ എല്ലാം മാറ്റിവെച്ചു നോക്കിയാലും പറയത്തക്ക ദൂഷ്യമൊന്നും ഭാഷയ്ക്കുണ്ടാകുമെന്നു തോന്നുന്നില്ല. രാമചരിതം മുതലായതു മലയാള ഭാഷ അല്ലെന്നു വരികിൽ കണ്ടിയൂർ, തിരുവല്ലാ മുതലായ ക്ഷേത്രങ്ങളിലെ ചെമ്പു പട്ടയങ്ങളിൽ വട്ടെഴുത്തക്ഷരത്തിൽ എഴുതിക്കാണുന്ന അവിടുത്തെ പതിവു കണക്കുകളും മറ്റും ഏതു ഭാഷയിലാണെന്നു വിചാരിക്കണം? ഇവിടെയുള്ളവർക്ക് എഴുത്ത് എന്നൊരു വക അറിവാൻ പാടില്ലാത്തതുകൊണ്ടു തമിഴരെ വരുത്തി എഴുതിവെച്ചതാണെന്നു പറയാൻ ഭാവമുണ്ടോ? ചില പുരാതനകുടുംബങ്ങളിൽ കാണുന്ന ആധാരപ്രമാണങ്ങളും മറ്റും ഇതു പോലെ വല്ലവരേയും കൊണ്ടെഴുതിച്ചു വെച്ചതാണോ എന്തോ? ഇതിലൊന്നിലും സംസ്കൃതപദം കാണാത്തതെന്തുകൊണ്ടാവോ? സംസ്കൃതത്തോടു ജനങ്ങൾക്കുള്ള ഭ്രമവും ഭാഷയോട് അവയെ കൊരുത്തു വലിക്കാൻ തുടങ്ങിയപ്പോഴുണ്ടായ കുറവുകളും മറ്റും ലീലാതിലകം നോക്കിയാൽ മനസ്സിലാകുന്നതാണ്. കേരളപാണിനീയത്തിൻറെ പീഠികയെങ്കിലും സേവിച്ചിരുന്നെങ്കിൽ ഈ ലേഖനദീനത്തിനു കുറഞ്ഞൊരാശ്വാസം ഉണ്ടാകുമായിരുന്നു.

അധ്യായം 4

ഇനി ലേഖകൻ നിത്യ ഉപയോഗയോഗ്യമായി കല്പിച്ചിരിക്കുന്ന പദങ്ങൾക്കു പകരം ഭാഷാപദങ്ങളുണ്ടോ എന്നു പരിശോധിക്കാം. ആത്മാവ് (ശിവം) ജീവൻ ആവി, പ്രാണൻ ഉയിര്; മനസ്സ് നെഞ്ച്; വിചാരം നിനവ്; മുഖം മോന്ത മുഞ്ഞി; നഖം ഉകിർ; നാഭി പൊക്കിൾ; മാംസം ഇറച്ചി, ചത; മലം അഴുക്ക്, കാട്ടം; വാതം കാറ്റ്, കഫം വെള്ളം; പിത്തം തീയ്, മയക്കം; ഈശ്വരൻ ആണ്ടവൻ, അയ്യൻ; ദൈവം കടവുൾ; സൂര്യൻ ഞായർ; ചന്ദ്രൻ തിങ്കൾ; നക്ഷത്രം മുത്ത്; ആകാശം വാനം; ഭൂമി ഞാലം, നിലം; മരണം മാവ്, ചാക്ക്; ദാനം കൊടകൊട്ടക്കൽ; ദീനം പാട്ടുകേട്; കർമ്മം ചെയ്യൽ കടമ; ജന്മം പിറവി – ഈ പദങ്ങൾ ഇന്നും പല ദിക്കുകളിൽ ഉപയോഗിച്ചുവരുന്നവയാണ്. ഇവ മിക്കതും ഇപ്പോഴത്തെ മലയാളികൾക്കും അറിവുള്ളതാണല്ലോ.

സംസ്കൃതത്തിലും, തമിഴിലും ചില പദങ്ങൾക്കു ധാതുവ്യത്യാസമില്ലെന്നും, ദ്രാവിഡപദങ്ങൾ സംസ്കൃതത്തിലും ലയിച്ചുകിടപ്പുണ്ടെന്നും, ഈ രണ്ടു ഭാഷകളിലും അപാരപാണ്ഡിത്യം സമ്പാദിച്ച നിഷ്പക്ഷപാതികളായ മാന്യന്മാർ അഭിപ്രായപ്പെടുന്നു. അമ്മ എന്നതിനെ സംസ്കൃത്തിൽ അംബ എന്നാണുപയോഗിക്കുന്നത്. ഇതു ദ്രാവിഡഭാഷയിൽ നിന്നും പോയതു തന്നെയാണ്. ഏതു ശിശുവും പ്രകൃത്യാ അമ്മാ എന്ന പദത്തെത്തന്നെയാണ് ആദ്യമായി ഉച്ചരിക്കുന്നത്. പക്ഷെ ചില ഭാഷകളിൽ മമ്മാ എന്നോ മറ്റോ മാറിയേക്കാം. അക്കൻ, അണ്ണൻ, അപ്പൻ, അച്ഛൻ, അത്തൻ മുതലായതു മലയാളഭാഷാപദങ്ങളാണെന്നുള്ളതിന് എതിരഭിപ്രായം കാണുകയില്ല. ജ്യേഷ്ഠൻ മുതലായ പദങ്ങളെ ചേട്ടൻ എന്ന തരത്തിൽ വികൃതപ്പെടുത്താതെ തന്നെ മലയാളത്തിൽ ഉപയോഗിക്കാൻ വാക്കുകൾ ഇരിക്കവെ അതുപേക്ഷിച്ചു സംസ്കൃതപദങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത് ആ ഭാഷയോടുള്ള ഭ്രമം തന്നെ ആയിരിക്കണം. അത്തം, ചിത്തിര മുതലായതും ദ്രാവിഡഭാഷാപദങ്ങൾ തന്നെയാണെന്നു തോന്നുന്നു.

എഴുത്തച്ഛൻ ഇന്നത്തെ മലയാള അക്ഷരമാല സൃഷ്ടിക്കുന്നതിനു മുമ്പ് തമിഴ(വട്ടെഴുത്ത)ക്ഷരങ്ങൾ തന്നെയാണു മലയാളത്തിലും നടപ്പെന്നു വേണം ഊഹിക്കാൻ. അതായത് രണ്ടിലും അതിഖരമൃദുഘോഷങ്ങൾ മുതലായ വർണ്ണങ്ങൾ ഉണ്ടായിരുന്നെങ്കിലും ആദ്യാക്ഷരങ്ങളുണ്ടായിരുന്നില്ല എന്നു താത്പര്യം. ഇന്നത്തെ ലിപികൾ തമിഴ് ഗ്രന്ഥാക്ഷരത്തിൽ നിന്നെടുത്തു പരിഷ്കരിച്ചവയാണെന്ന് ഒന്നു പരിശോധിച്ചാൽ ഏവർക്കും പ്രയാസം കൂടാതെ മനസ്സിലാക്കാവുന്നതാണ്.

വട്ടെഴുത്ത് തമിഴിലുള്ള എഴുത്തിനേക്കാളും വളരെ പഴക്കം ചെന്നതാണെന്നും വട്ടെഴുത്തും അശേകൻറെ അക്ഷരമാലയും രണ്ടും സ്വതന്ത്രമായി ഉത്ഭവിച്ച

താണെന്നും ബർണൽ (Dr. Burnell) അഭിപ്രായപ്പെടുന്നു. എന്നാൽ മിസ്റ്റർ ടി.എ. ഗോപിനാഥറാവു ഈ അഭിപ്രായത്തോടു വിയോജിച്ച് ഇപ്രകാരം പറയുന്നു; "വട്ടെഴുത്ത് മിക്കവാറും നഗരം, ഗ്രന്ഥത്തമിഴ്, തെലുങ്ക് മുതലായവ പോലെ അശോകൻറെ ബ്രാഹ്മിജാതി എഴുത്തിൽ നിന്നുത്ഭവിച്ചതാണെന്നു തോന്നുന്നുവെന്നും, സൂക്ഷ്മമായി പരിശോധിച്ചാൽ ദക്ഷിണ ഇന്ത്യയിലെ മറ്റെഴുത്തുകളുമായി വട്ടെഴുത്തിനു പല മാർഗ്ഗങ്ങളിലും സാമ്യം കാണുന്നുവെന്നും വട്ടെഴുത്തിനും തമിഴ്ഗ്രന്ഥാക്ഷരത്തിനും തമ്മിൽ വളരെ അടുപ്പമുണ്ടെന്നും ആകുന്നു." വട്ടെഴുത്തിനും തമിഴക്ഷരത്തിനും തമ്മിലുള്ള അടുപ്പവും തമിഴിൻറെ ചില പരിഷ്കാരങ്ങളും മറ്റും നല്ലവണ്ണം പരിശോധിക്കയാണെങ്കിൽ ഡോക്ടർ ബർണലിൻറെ അഭിപ്രായത്തിനാണു കൂടുതൽ ബലം സിദ്ധിക്കുന്നത്. കോലെഴുത്ത് ഭേദപ്പെട്ടു വട്ടെഴുത്തായും പിന്നീട് ചില ഭേദഗതികളോടു കൂടി ആയിരമാണ്ടിന് അടുത്ത കാലം വരെ നടപ്പിലുണ്ടായിരുന്നു. ഏതെഴുത്താണ് ആദ്യം ഉണ്ടായതെന്നും മറ്റുമുള്ള യഥാർത്ഥ വിവരം ഗ്രഹിക്കാൻ വളരെ പ്രയാസം തന്നെയാണ്. കോലെഴുത്ത് അഥവാ വട്ടെഴുത്ത് വളരെ പ്രാചീനകാലത്തേ ഉള്ളതാകയാലും അതിനു പല ഭാഷാലിപികളുമായി സാമ്യം കാണുകയാലും അതായിരിക്കാം കണ്ടുപിടിക്കപ്പെട്ട ആദ്യലിപി എന്നു സന്ദേഹം ന്യായമായി ജനിക്കുന്നു.

മുമ്പുപറഞ്ഞ ചെമ്പുപട്ടയങ്ങളിൽ നിന്ന് ഇങ്ങനെ ചിലതു കൂടി ഗ്രഹിക്കാം; ക്ഷേത്രങ്ങളിൽ വേദം, വ്യാകരണം മുതലായതു പഠിക്കുന്നതിനു വിദ്യാർത്ഥികൾ താമസിച്ചുവന്നിരുന്നു. ഇവർക്കു ഭക്ഷണം ക്ഷേത്രത്തിലെ നിവേദിതാന്നവും ഇതിനോടു കൂടി (ചമ്മന്തിക്ക്) ഉപ്പ്, പുളി, നാളികേരം മുതലായതും കൊടുത്തിരുന്നു. ഇവർക്കു വൈദ്യസഹായത്തിനു വേണ്ട ഏർപ്പാടുകളുമുണ്ട്. മിക്ക പ്രധാനക്ഷേത്രങ്ങളിലും ചില സന്ന്യാസിമാർ ഉണ്ടായിരിക്കും. ഇവർ മഠാധിപതികളോ അഥവാ സാധാരണ സന്ന്യാസിമാരോ ആയിരിക്കും. ഇവർക്കു ക്ഷേത്രകാര്യങ്ങളുടെ മേലന്വേഷണവും വിദ്യാർത്ഥികളെ വേദം മുതലായത് അഭ്യസിപ്പിക്ക, പുഷ്പാഞ്ജലി ചെയ്യൽ മുതലായവയും ഉണ്ടായിരുന്നു. സന്ന്യാസിമാരെ പടിഞ്ഞാറൻതീരങ്ങളിൽ ഭട്ടാരതിരുവടി, പടാരതിരുവടി എന്നീ സ്ഥാനങ്ങളാൽ അറിയപ്പെട്ടിരുന്നു. ക്ഷേത്രത്തിലെ ഓരോ അടിയന്തിരത്തിനും ഓരോരുത്തരെ ചുമതലപ്പെടുത്തിയിരുന്നു. തിരുവല്ലാക്ഷേത്രത്തിൽ അരി അളക്കേണ്ടത് എമ്പെരുമക്കളാണ്. എണ്ണ ആളാ(ഴാ)ഞ്ചേരി അടികളും, ചന്ദനം വേണാട്ടടികളും എത്തിച്ചുകൊടുക്കണം. ഇങ്ങനെ എല്ലാറ്റിനും പ്രത്യേകം ആളുകളെ നിശ്ചയിച്ചിട്ടുണ്ട്. മലയാളത്ത് ഇത്ര വളരെ ക്ഷേത്രങ്ങളുണ്ടായിട്ടും ചില ക്ഷേത്രങ്ങളിൽ നിന്നും, അതും വളരെക്കുറച്ചു മാത്രം, ഏതാനും ചെമ്പുപട്ടയങ്ങൾ മാത്രമേ കിട്ടിക്കാണുന്നുള്ളൂ. ക്ഷേത്രങ്ങൾ പിടിച്ചടക്കിയവർ അപ്പോൾത്തന്നെ

അവയെല്ലാം നശിപ്പിക്കയോ അല്ലെങ്കിൽ കൈവശക്കാർ തങ്ങൾക്കു ലഭിച്ചിട്ടുള്ള വല്ല അവസ്ഥയ്ക്കും ഉടവു തട്ടുമെന്നു ഭയന്നു പുറത്തെടുക്കാതിരിക്കയോ ചെയ്തിരിക്കാം. ഇവയെല്ലാം കിട്ടുമെങ്കിൽ ചരിത്രസംബന്ധമായ അനേകം സംഗതികൾ മനസ്സിലാക്കാവുന്നതാണ്. അതങ്ങിനെ നിൽക്കട്ടെ.

അധ്യായം 5

തമിഴകത്തെ ചേര, ചോള, പാണ്ഡ്യ ഇങ്ങനെ മൂന്നു രാജധാനിയിങ്കീഴിൽ ഭരിച്ചുവന്നിരുന്നു. ഈ രാജ്യങ്ങളെ പതിമൂന്നു നാട്ടുകളായി ഭാഗിച്ചിട്ടുണ്ട്. അവ പാണ്ടി, തെൻപാണ്ടി, കുട്ടം, കടം, കർക്കാ, വേൺ, പൂഴി, പൻറി, അരുവാ, അരുവാവടതലൈ, വീതം, മലനാട്, പൂനനാട് ഇത്രയുമാകുന്നു. 'പാണ്ടി' എന്ന പദത്തിനു 'വാകമരം' എന്നർത്ഥമുള്ളതിനാൽ ഈ വൃക്ഷം അവിടെ ഒരു കാലത്തു സമൃദ്ധിയായി വളർന്നിരിക്കണം. മേൽ പറഞ്ഞവയിൽ പാണ്ടിദേശത്തെ അധികം പ്രധാനമായി കരുതിയിരിക്കുന്നു. ഇവിടെയാണ് ചെം(ശുദ്ധ)തമിഴിൻറെ ഉത്ഭവം. ഇപ്പോഴത്തെ മധുര ജില്ലയുടെ മിക്കവാറും മുഴുവൻ ഭാഗങ്ങൾ ഇതിൽ പെട്ടിട്ടുണ്ട്. പാണ്ടിരാജ്യത്തിൻറെ പ്രധാനപട്ടണം മധുരയാണ്. മധുരയ്ക്ക് 'കൂടൽ' എന്നു കൂടി പേരുണ്ട്. ഇത്, ഇവിടെ വൃക്ഷങ്ങൾ ധാരാളം വളർന്നിരുന്നുവെന്നു തെളിയിക്കുന്നു. പാണ്ഡ്യരാജാവിനു പഞ്ചവൻ എന്നും കൗരവൻ എന്നും കൂടി പേരുണ്ട്. ഈ നാമങ്ങൾ മഹാഭാരത പുരാണ പുരുഷന്മാരെ അനുസ്മരിപ്പിക്കുന്നു. ഒരുവേള ഇവർ അവരുടെ പിൻഗാമികളായും വന്നേക്കാം.

കുടം എന്നതിൻറെ അർത്ഥം ചതുരക്കള്ളി എന്നാണ്. ഈ സ്ഥലത്തിന്, ഇച്ചെടി ധാരാളം വളർന്നിരുന്നതുകൊണ്ടോ, കുടത്തിൻറെ ആകൃതിയുള്ള ഭൂമിയാകകൊണ്ടോ ഇന്നാമം വരാവുന്നതാണ്. ഇതിനെ പൊന്നാനിപ്പുഴ മുതൽ എറണാകുളം വരെയുള്ള പ്രദേശമായിട്ടാണു കണക്കാക്കിയിരിക്കുന്നത്. 'കുട്ടം' എന്നാൽ കുഴിപ്രദേശം. ഇതു കുട്ടനായാടിരിക്കണം. അവിടെ താണപ്രദേശമാണല്ലോ. വേൺ എന്നതു വേണാടാണ്. ഇതിനർത്ഥം മണ്ണുള്ള നാട് എന്നാകുന്നു. ഇതു പഴയ തിരുവിതാംകൂറാണ്. പൂഴി എന്നതിനു മണൽ എന്നർത്ഥം. ഈ നാട് അമ്പലപ്പുഴ മുതൽ പൊന്നാനിപ്പുഴയുടെ മുഖം വരെയുള്ള ദേശങ്ങളുടെ നാമമായി പറയുന്നു. ഇക്കൂട്ടത്തിൽ (ഓർ + നാട്) ഓണാട് പ്രത്യേകമായി പറഞ്ഞുകാണാത്തതുകൊണ്ട് കുട്ടനാടോടു ചേർത്തു കണക്കാക്കാവുന്നതാണ്. കർക്കാ – കൽപ്രദേശം – കുടം എന്ന ദിക്കിനു കിഴക്കായി സ്ഥിതിചെയ്യുന്നു.

കുട്ടം, കുടം, കർക്കാ, വെൺ, പൂഴി എന്നീ അഞ്ചു നാട്ടുകൾ കൂടിയതു ചേരരാജ്യം. ഇതിൻറെ തലസ്ഥാനം വഞ്ചി അല്ലെങ്കിൽ കരൂർ എന്ന സ്ഥലമാകുന്നു. ആയതു കോതമംഗലത്തുള്ള തൃക്കാരൂരാണെന്നും, കൊടുങ്ങല്ലൂരിനടുത്തുള്ള തിരുവഞ്ചിക്കുളമാണെന്നും ഇതു രണ്ടുമല്ല തൃശ്ശിനാപ്പള്ളി ജില്ലയിൽപ്പെട്ട കരൂർ എന്ന സ്ഥലമാണെന്നും, ഇങ്ങനെ ഇക്കാര്യത്തെക്കുറിച്ചു വിദ്വാന്മാരുടെ ഇടയിൽ ഏകകണ്ഠമായ അഭിപ്രായം ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്.

ആദ്യമായി വഞ്ചി എന്ന പദത്തിൻറെ അർത്ഥം എന്താണെന്നു നോക്കാം – ഒരുതരം പടരുന്ന ചെടി, ചേരരാജാക്കന്മാരുടെ രാജധാനി, ധർമ്മദേവത,

കരു(വൃ)ർ, പെൺ ഇങ്ങനെ തമിഴ് നിഘണ്ടുവിലും; മുള (ഈറ്റ) എന്നു ഗുണ്ടർട്ടിൻറെ നിഘണ്ടുവിലും അർത്ഥം പറഞ്ഞുകാണുന്നു. ആദ്യം പറഞ്ഞ അർത്ഥത്തിനു തിരുവനന്തപുരത്തെ ചരിത്രപ്രസിദ്ധമായ വഞ്ചിയൂർകാട് ഉദാഹരണമാക്കാവുന്നതാണ്. കൂടാതെ മുളയും, പടർപ്പുചെടിയും ധാരാളം വളരുന്ന സ്ഥലങ്ങൾക്കും ഈ പേര് യോജിക്കുന്നതാണല്ലോ. കരൂർ എന്ന പദത്തിനു വഞ്ചി എന്നർത്ഥമുണ്ട്. (കരൈ + ഊർ) കരൈ ഊർ - കരൂർ എന്നു ഭേദപ്പെട്ടു പോയതായി വരാവുന്നതാണ്. കരൂർ ആയിരുന്നു ചേരരാജധാനി എന്നു കാണിക്കുന്നതിനുള്ള തെളിവുകൾ ആ ദേശത്തു വഞ്ചി എന്നു പറയുന്ന ചെടികൾ ധാരാളമായി വളർന്നിരുന്നുവെന്നും വഞ്ചിയുടെ ഇരിപ്പിടം അൻപൂർണ്ണൈ (Anplurnai) എന്ന നദിക്കരയിലായിരുന്നു എന്നുള്ള സാഹിത്യസംബന്ധമായ തെളിവിന്, കരൂർ നാട്ടിനു സമീപമായി ഒഴുകുന്ന കാവേരീനദിയുടെ പോഷകനദിയായ അമരാവതിയെന്ന പുഴയുടെ നാമത്തോടു യോജിപ്പുണ്ടെന്നും, സ്ഥലത്തെ ഒരു ദേവനു വഞ്ചി എന്ന നാമം ഉണ്ടെന്നും മറ്റും ആണ്. ചേരൻ, ചോളൻ, പാണ്ഡ്യൻ, കൊങ്ങൻ എന്നിവയ്ക്കു ചേര, ചോള, ചോളപാണ്ഡ്യ, കൊങ്ങ(ണ) ദേശങ്ങളിലെ അധിപൻ (രാജാവ്) എന്നർത്ഥമാക്കേണ്ടതാണ്. ചേരമാൻ എന്നതു കൊച്ചിരാജാവ് എന്നു പറയും പോലെ ചേരദേശത്തെ രാജാവ് എന്നേ താത്പര്യമുള്ളൂ. ഇതൊരാളുടെ പ്രത്യേകനാമമല്ല. ചാരൽ + മാൻ = ചാരൽമാൻ = ചാരമാൻ = ചേരമാൻ എന്നു പരിണമിച്ചതാണ്. ചാരൽമാൻ എന്നതിനു മലയരമൻ - മലയാളത്തെ രാജാവ് – എന്ന് അർത്ഥം. മലയാളരാജ്യം ഭരിക്കാൻ വന്നതിനു ശേഷമേ പെരുമാക്കന്മാർക്കു ചേരമാൻ എന്ന സ്ഥലാനം ലഭിച്ചിരിക്കയുള്ളൂ. അതിനു മുമ്പെല്ലാം രവിവർമ്മ പെരുമാൾ നായനാർ എന്നും മറ്റുമേ നാമമുള്ളൂ. ഇനി ചേരരാജ്യത്തിൻറെ കിടപ്പ് എവിടെയാണെന്നു നിശ്ചയിച്ചാൽ വഞ്ചി എന്ന പട്ടണത്തിൻറെ സ്ഥാനവും ഉറപ്പാക്കാവുന്നതാണ്. ചേരദേശം പശ്ചിമ പർവ്വതത്തിനു കിഴക്കുവശമായിരുന്നെങ്കിൽ തൃശ്ശിനാപ്പള്ളിക്കടുത്തുള്ള കരൂർ എന്ന സ്ഥലത്തെ ചേരരാജധാനിയായി ഒരുവിധം വകവെച്ചുകൊടുക്കാമായിരുന്നു. എന്നാൽ ഇന്നേവരെ ചേരരാജ്യം ടി പർവ്വതത്തിനു പടിഞ്ഞാറായി കല്പിച്ചിരിക്കക്കൊണ്ട് ആയത് ഈ കരയിൽത്തന്നെ ആയിരിക്കണമല്ലോ. രാജ്യപരിധിക്കുള്ളിലല്ലാതെ രാജധാനി അന്യത്രയാണെന്നു വരാൻ ന്യായമില്ല. എന്നു തന്നെയല്ല, കരൂർ ചോളദേശത്തിൽപ്പെട്ടുപോയി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇനി, നദിയുടെ പേരിൻറെ യോജിപ്പു നോക്കുകയാണെങ്കിലും അൻപൂർണ്ണൈ എന്ന നാമത്തോട് അരാവതി എന്നതിനേക്കാൾ ചൂർണ്ണി എന്ന പെരിയാറിനാണു കൂടുതൽ യോജിപ്പുള്ളത്. പെരിയാറ് തിരുവഞ്ചിക്കുളത്തിനു സമീപം കൂടി ഒഴുകുന്നു. കച്ചവടസംബന്ധമായ സൗകര്യം നോക്കുന്നതായാ

ലും കരൂർ എന്ന സ്ഥലം തിരുവഞ്ചിക്കുളത്തേക്കാളും താണപടിയിലത്രെ സ്ഥിതിചെയ്യുന്നതെന്നും പ്രത്യക്ഷപ്പെട്ടു. ഇതിനു സമീപം സ്ഥിതിചെയ്യുന്ന ഡച്ചുകോട്ടയും മറ്റും തിരുവഞ്ചിക്കുളത്തിനു സമീപമുള്ള കായലുകൾ വലിയ കപ്പലുകൾ സഞ്ചരിക്കാൻ സൗകര്യമുള്ളവയായിരുന്നു എന്നു തെളിയിക്കുന്നു. ഇന്നും ആ കാലയുകൾ വളരെ അഗാധിമായിത്തന്നെയിരിക്കുന്നു. തിരു എന്നത് ശ്രീ എന്ന അർത്ഥത്തെക്കുറിക്കുന്ന പദമാണ്. കുളം എന്നാൽ പ്രദേശം എന്നർത്ഥം. ചേരമാൻ പെരുമാളുടേയും അദ്ദേഹത്തിൻറെ ധർമ്മപത്നിയായ നായർസ്ത്രീയുടേയും വിഗ്രഹം തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ ഇന്നും വെച്ചു പൂജിച്ചുവരുന്നതായി കേട്ടിട്ടുണ്ട്. 'ചരിത്രസമുച്ചയ'ത്തിൽ ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളും ഇങ്ങനെ തന്നെ അഭിപ്രായപ്പെട്ടിരിക്കുന്നതിനാൽ അധികം ബലം കിട്ടുന്നു. ഈ പെരുമാൾ എത്രാമത്തെ ചേരമാൻ എന്നറിയുന്നില്ല. കരൂർ എന്ന സ്ഥലത്തിനു ചേരമാൻ പെരുമാക്കന്മാരുമായുള്ള ബന്ധം അവരുടെ മൂലകുടുംബം എന്ന നിലയിലായിരിക്കാം എന്നൊരു ഊഹം ഉന്നയിക്കാവുന്നതാണ്. അപ്പോൾ വഞ്ചി എന്നു പേരുള്ള ദേവത അവരുടെ കുലദൈവമായും കരുതാവുന്നതാണ്. നാട്ടു മറന്നാലും മൂട്ടു മറക്കരുത് എന്നുള്ള പഴഞ്ചൊല്ലനുസരിച്ച്, നാം നമ്മുടെ ധർമ്മദൈവങ്ങളെ ഇന്നും ആരാധിക്കും പോലെ പെരുമാക്കന്മാർ കൂടെക്കൂടെ അവിടെപ്പോയി കുടുംബൈശ്വര്യാർത്ഥം പ്രാർത്ഥിക്കുകയും മറ്റും പതിവുണ്ടായിരിക്കാം. ഇനി തൃക്കാരൂരിനെപ്പറ്റി ചിന്തിക്കയാണെങ്കിൽ, ആയതു മാഹാത്മ്യമുള്ള ഒരു സുഖവാസസ്ഥലമായി മാത്രമേ ഗണിക്കാവൂ. എന്തെന്നാൽ കച്ചവടസംബന്ധമായും മറ്റും ഗതാഗതത്തിനു തീരെ സൗകര്യമില്ലാതാണു കാണുന്നത്. പക്ഷേ പെരുമാക്കന്മാർ പലപ്പോഴും ആ സ്ഥലത്തെ ഒരു സുഖവാസഭൂമിയായി കരുതിരിയിക്കയാൽ അന്നാട്ടിന് അപ്പേർ വന്നതായിപ്പറയാം.

മേൽപ്പറഞ്ഞ സംഗതികൾ കൊണ്ടു കൊച്ചിയിലുള്ള തിരുവഞ്ചിക്കുളം തന്നെയായിരുന്നു ചേരരാജ്യത്തിൻറെ തലസ്ഥാനനഗരി എന്നു നിസ്സംശയം പറയാവുന്നതാണ്.

അധ്യായം 6

ചേരമണ്ഡലത്തിന്, മലയാളം, കേരളം എന്നീ പേരുകളാണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. ഇതുകളേയും മലബാർ എന്നതിൻറേയും ഉല്പത്തിയെപ്പറ്റി വലിയ പണ്ഡിതന്മാരും തർക്കിക്കുന്നു. മലയാചലം, കേരളം എന്നീ നാമങ്ങൾ പുരാണങ്ങളിൽ കാണാം. കേരളത്തെ സപ്തകൊങ്കണത്തിൽപ്പെട്ട ഒരു ഭാഗമായിട്ടാണ് സ്കന്ദപുരാണത്തിൽ പറഞ്ഞിരിക്കുന്നത്. ഈ സ്ഥലം (ഗോകർണ്ണം മുതൽ തെക്കൻ കന്യാകുമാരി വരെയുള്ള) കേരളം എന്നു നാം ഇപ്പോൾ വ്യവഹരിച്ചുവരുന്ന സ്ഥലത്തിനു വടക്കായി കിടക്കുന്നു. മലയാളത്തിനു കേരളമെന്നു പേരുണ്ടായതു പിന്നീടാണെന്നു 'നന്ദീശസംഹിത'യിൽ പറഞ്ഞിരിക്കുന്നു. കേരളം എന്ന പേരിൻറെ അർത്ഥം തെങ്ങു(നാളികേരം) മൂലം ഉണ്ടായതാണെന്നും അതു സംസ്കൃതനാമമാണെന്നും മറ്റും ചിലർ വാദം മുറുക്കുന്നു. കാൽഡ്വൽ, ഗുണ്ടർട്ട് മുതലായ വിദ്വാന്മാർ ഇതു ദ്രാവിഡശബ്ദമാണെന്ന് അഭിപ്രായപ്പെടുന്നതല്ലാതെ ഇതിൻറെ ആഗമത്തെപ്പറ്റി ഖണ്ഡിച്ച് ഒന്നും പറയുന്നില്ല. കോഴിക്കോട് മുതൽ കൊല്ലം വരെയുള്ള ഇപ്പോൾ കാണുന്ന പടിഞ്ഞാറൻ സമുദ്രക്കര ബി.സി. മൂന്നാം വർഷത്തിനു ശേഷമുണ്ടായതാണെന്നാണു ഭൂഗർഭശാസ്ത്രിമാരുടെ അഭിപ്രായം. അതയാത് സമുദ്രം വളരെ കിഴക്കുമാറിക്കിടന്നിരുന്നു എന്നു താത്പര്യം. പരശുരാമൻ അതിൽ പിന്നീടു വന്നു സൃഷ്ടിച്ചതാണെന്നു വാദിക്കാൻ തലച്ചോറുള്ളവർ കാണുമെന്നു തോന്നുന്നില്ല. കേരളം എന്ന സംജ്ഞ നാളികേരം എന്നതിൽ നിന്നുത്ഭവിച്ചതാണെങ്കിൽ തെങ്ങില്ലാത്തതായ പൊറ്റപ്രദേശങ്ങൾക്കു കൂടി ഇപ്പേരു ചേർത്തു വിളിച്ചാൽ യോജിപ്പാകുമോ? (തേൻകായ്) തേങ്ങാ എന്നാണ് ഇദ്ദേശഭാഷയിൽ പറയുന്നത്. തെങ്ങ് എന്നു ദേശനാമമുള്ളപ്പോൾ സംസ്കൃതശബ്ദമാണെന്നു വെച്ചിരിക്കുന്ന നാളികേരപദത്തെ ഇവിടെ സ്വീകരിക്കേണ്ട ആവശ്യമില്ല. ദ്രാവിഡപദമെന്നു പണ്ഡിതന്മാരാൽ അഭിപ്രായപ്പെട്ടിരിക്കുന്ന കേരളം എന്ന സംജ്ഞ കായലിനും കടലിനും സമീപം (കരയ്ക്ക്) ഉള്ള ദേശത്തിനു യോജിക്കുന്നതായിരിക്കും. (കരൈ + അളം) = കരൈയളം ഒടുവിൽ കേരളം എന്നു പരിണമിച്ചതായിരിക്കണം. കരപ്രദേശം എന്നു താത്പര്യം. ചേർത്തല എന്ന സ്ഥലത്തെ കരപ്പുറം എന്നാണു വിളിച്ചുവന്നിരുന്നതെന്ന് അറിവുള്ളതാണല്ലോ. ഇങ്ങനെ ആകുമ്പോൾ മലപ്രദേശങ്ങൾക്കു മലയാളമെന്നും (കായൽ - കടൽ) കരപ്രദേശങ്ങൾക്കു കേരളം എന്നുമുള്ള നാമങ്ങൾ യോജിക്കുന്നതാണ്. മലവാരം, സായിപ്പന്മാർക്കു മലബാരം, മലബാർ എന്നായിത്തീർന്നു. മലവാരം എന്നാൽ മലപ്രദേശം അല്ലെങ്കിൽ മലയരിക് എന്നാണല്ലോ അർത്ഥം വരുന്നത്. കടൽവാരം = കടൽക്കരമലയാളവും മലബാറും ഇങ്ങനെ തുല്യാർത്ഥയോജനയുള്ള പദങ്ങളെന്നു നമുക്ക് ഊഹിക്കാം.

പാണ്ഡ്യരാജധാനിക്കു വടക്കായി പൻറിനാട്ടു സ്ഥിതിചെയ്യുന്നു. ചണ ധാരാളം വളരുന്ന നാട്ടിനും ഇപ്പേരു പറയാമെന്നുള്ളതുകൊണ്ട് ഈ അർത്ഥം ആ നാട്ടിന് അധികം യോജിക്കുന്നതായി തോന്നുന്നു. ഇതിൻറെ തലസ്ഥാനം നാഗപട്ടണമാകുന്നു. പൻറിനാടിനു വടക്കു പുനൽനാട് (ചോളരാജ്യം) പുനൽ = വെള്ളം. കാവേരീനദീമുഖത്തു സ്ഥിതിചെയ്യുന്നതിനാൽ വർഷക്കാലത്തു വെള്ളപ്പൊക്കമുണ്ടാകുന്നതു കൊണ്ടായിരിക്കാം ഇപ്പേരിൽ ആ നാട് അറിയപ്പെട്ടിരിക്കുന്നത്. ഇതിൻറെ പ്രധാന പട്ടണം തൃശ്ശിനാപ്പള്ളിക്കടുത്തുള്ള ഉരവൂർ ആണ്.
പുനൽ നാട്ടിനു വടക്ക് അരുവനാട്, അതിനപ്പുറം അരുവാവടത്തല. ഈ രണ്ടു ദേശത്തിനും കൂടി, ലങ്കയി(സിലോണി)ൽ ഉണ്ടാകുന്ന തരം ചില സാധനങ്ങൾ ഉണ്ടാകുന്നതുകൊണ്ട് മാവിലങ്കൈ – മഹാലങ്ക – എന്നു വിളിക്കുന്നു. ഇതിൻറെ തലസ്ഥാനം കാഞ്ചീപുരം ആകുന്നു. പുനൽ നാടിനു വടക്കുപടിഞ്ഞാറും അരുവനാടിനു പഞ്ഞാറുമായി മലനാട് അല്ലെങ്കിൽ മലയൻനാട് സ്ഥിതിചെയ്യുന്നു. ഇതിനു പടിഞ്ഞാറു ഭാഗത്ത് ചീത (ശീത) നാട് കിടക്കുന്നു. കോയമ്പത്തൂർ ജില്ലയുടെ വടക്കുള്ള പകുതിഭാഗവും നീലഗിരിജില്ലയുടെ തെക്കുള്ള ഭാഗങ്ങളും ഇതിൽപ്പെടും. ഇവ ശീതളപ്രദേശമാണെന്നുള്ള വസ്തുതയും പ്രസിദ്ധമാണല്ലോ.
വളരെ പുരാതനകാലം മുതൽക്ക്, അതായത്, ബി.സി. ആയിരം വർഷങ്ങൾക്കു മുമ്പു തന്നെ തമിഴകവാസികൾ ദ്വീപാന്തരങ്ങളുമായി കച്ചവടം നടത്തിവന്നിരുന്നു. മലയാളക്കരയിൽ വൻമരങ്ങളുണ്ടെന്നും അവിടുത്തുകാർ (നായന്മാർ) വളരെ മുമ്പിനാലെ കപ്പൽപ്പണി ചെയ്തിരുന്നെന്നും അന്യദ്വീപുകാരുമായി കച്ചവടം നടത്തിയിരുന്നുവെന്നും മറ്റും ചോട്ടാനാഗപുരം കമ്മീഷണറായിരുന്ന ഹിവിറ്റ് (Ruling Races of Pre-historic Times) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. മലയാളക്കരയിൽ കപ്പൽ വന്നടുക്കുന്നതിനു കൂടുതൽ സൗകര്യമുണ്ട്. മറ്റു ദ്രാവിഡദേശീയർക്ക് ഉച്ചരിക്കാൻ പ്രയാസമുള്ള ചില ശബ്ദങ്ങൾ മലയാളികൾക്കു വശമായിരിക്കുന്നതോർക്കുമ്പോൾ എത്രയോ മുമ്പിനാലേ ഇവർ ആര്യന്മാരുമായി പരിചയപ്പെട്ടിരിക്കണം എന്നു വിചാരിക്കാവുന്നതാകുന്നു.
ഇവിടെ പ്രസ്താവിക്കാൻ പോകുന്ന സംഗതികളെല്ലാം ആയിരത്തെണ്ണൂറു വർഷങ്ങൾക്കു മുമ്പ് നടന്നവയാണെന്നു നാം ഓർക്കുമല്ലോ. ഇപ്പോൾ മലയാളദേശം (കേരളം) ആയി കരുതിവരുന്ന നാടുകളെല്ലാം അക്കാലത്ത് ചേരരാജ്യമെന്നു വിളിക്കപ്പെട്ടിരുന്നു. ഭൂമിയുടെ സ്ഥിതിയനുസരിച്ച് ഈ രാജ്യത്തെ അഞ്ചായി വിഭാഗിച്ചിട്ടുണ്ട്; അവ മുമ്പേ പറഞ്ഞുകഴിഞ്ഞു. അന്നത്തെ ഗവർമ്മേണ്ട് താന്തോന്നിത്തം കൂടാതെ, പൊതുജനക്ഷേമത്തെ ലാക്കാക്കി രാജ്യം ഭരിച്ചിരുന്നു. വിദ്യാർത്ഥിവേട്ടയ്ക്കോ, തൃശ്ശൂർ, മലബാർ എന്നീ സ്ഥലങ്ങളിൽ നടന്നപോലുള്ള ലഹളയ്ക്കോ കാരണമുണ്ടാക്കാത്ത തരത്തിലുള്ളതായിരുന്നു അക്കാലത്തെ

ഭരണം. അന്ന്, രാജാവും ഓരോ വിഷയത്തിലും പ്രത്യേകം വൈദഗ്ദ്ധ്യം നേടിയിട്ടുള്ള പൊതുജനപ്രതിനിധികളും ചേർന്നാണ് രാജ്യം ഭരിച്ചുവന്നിരുന്നത്.

അന്ന് ബ്രഹ്മ, ക്ഷത്രിയ, വൈശ്യ ശൂദ്രാദി ചാതുർവർണ്ണ്യനാമങ്ങൾ ഉപയോഗിച്ചിരുന്നില്ല. ബ്രാഹ്മണവൃത്തിയിലിരിക്കുന്ന മഹത്തുക്കളെ അറിവർ (അറവർ) എന്നും, അടുത്ത പടിക്കാരെ ഉഴവർ (വെള്ളാളർ) എന്നും വിളിച്ചുവന്നിരുന്നു. വേൾ + ആളൻ = വേളാളൻ = വെള്ളാളൻ; വേൾ = മണ്ണ്; ആളൻ = ആളുന്നവൻ, ഉള്ളവൻ; വെള്ളാളൻ - കൃഷിയുള്ളവൻ, ഭൂമി ഭരിക്കുന്നവൻ. ചേര, ചോള, പാണ്ഡ്യ രാജാക്കന്മാരും ഈ വംശത്തിൽപ്പെട്ടവരു തന്നെ. പിന്നെ ഇടയർ, വേടർ, കൊല്ലൻ, തട്ടാൻ, പണിക്കൻ, വേളാൻ, വലയർ, മുക്കുവൻ ഇങ്ങിനെ സമുദായത്തിൽ താഴ്ന്ന ക്രമത്തിൽ പറയപ്പെട്ടിരിക്കുന്നു. ഉയർന്ന ഇനക്കാർ വഴിയാത്ര ചെയ്യുമ്പോൾ താണവർ വഴിമാറിക്കൊടുക്കണം. അക്കാലം അടിമത്തം എന്ന ഏർപ്പാടില്ലായിരുന്നു. തമിഴകവാസികൾ ഓരോരുത്തരുടെ അവസ്ഥയ്ക്കനുസരണമായി വസ്ത്രം ധരിച്ചു വന്നിരുന്നു. ഇടത്തരക്കാർ മുട്ടോളം വരുന്ന ഒരു മുണ്ട് അരയിലും മറ്റൊന്നു തലയിലും ചുറ്റിവന്നിരുന്നു. അവർ കുടുമ വളർത്തി ഉച്ചിയിൽ കെട്ടിവെയ്ക്കും. നാഗവംശക്കാർ തലയിൽ മയിൽപ്പീലി അണിയുന്നവരാണ്. നാഗന്മാർ എന്നു പറയുന്നതു നായന്മാരെ ചൂണ്ടി ആയിരിക്കണം. നാകൻ എന്ന പദത്തെ സംസ്കൃതീകരിച്ചു നാഗൻ എന്നാക്കിയിരിക്കാം. നാഗന്മാർക്കുള്ള വെള്ളാണ്മസ്ഥാനവും അവരുടെ കൃഷിത്തൊഴിലും ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. സൂര്യാരാധാന ചെയ്തുവരുന്നവരെ സൂര്യവംശക്കാർ എന്നു പറയും പോലെ നാഗപൂജ ചെയ്തുവന്നതുകൊണ്ട് നാഗന്മാർ എന്നു വിളിച്ചിരുന്നു എന്നും വരാവുന്നതാണ്. മലയാളത്തുള്ള സർപ്പപൂജയും ഇതിനടിസ്ഥാനമാക്കാവുന്നതാണല്ലോ. ആര്യന്മാർ എഴുത്തുവിദ്യ (ലിപികൗശലം) ആദ്യമായി പഠിച്ചതു നാഗന്മാരിൽ നിന്നായിരുന്നുവെന്നും അന്നു മുതൽ ഇപ്പോഴും സംസ്കൃതാക്ഷരങ്ങൾ 'ദേവനാഗരി' എന്ന് അറിയപ്പെടുന്നുവെന്നും പറയപ്പെട്ടിരിക്കുന്നു. നായന്മാരും നീപ്പാളിലെ നേവർമാരും തമ്മിലുള്ള സാമ്യതയെപ്പറ്റി വി. ഫെർഗുസൺ (Fergusson) ഇപ്രകാരം പറയുന്നു:- "സ്ത്രീകളുടെ ചാരിത്യത്തെപ്പറ്റി പ്രത്യേകമായുള്ള ധാരണകളും അതോടൊന്നിച്ചു ശില്പകർമ്മങ്ങളും അന്യസംഗതികളും വെച്ചുനോക്കുമ്പോൾ മലബാറിലെ നായന്മാരും നേപ്പാളത്തിലെ നേവാരന്മാരും തമ്മിൽ ദേശീയമായ ഒരു ഐക്യത കാണുകയും ഇന്ത്യയിൽ വേറെ രണ്ടു ദേശക്കാർ തമ്മിൽ ഇത്ര ചേർച്ച കാണാതിരിക്കയും ചെയ്യുന്നു. പേരുകളുടെ സാമ്യത്തിൽ എന്തെങ്കിലും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ശില്പകർമ്മങ്ങളിലും ആചാരമര്യാദകളിലും വിശിഷ്യാ ഒരു യോജിപ്പുണ്ടെന്നു ഞാൻ സ്ഥൈര്യമായി വിശ്വസിക്കുന്നു." തമിഴർ ആര്യന്മാരുടെ വരവിനു വളരെ മുമ്പു

തന്നെ പരിഷ്കാരത്തിൽ ഉന്നതാവസ്ഥയെ പ്രാപിച്ചിരുന്നു. ശുദ്ധ തമിഴ് ഭാഷ, സംസ്കൃതവാക്കുകളുടെ സഹായം കൂടാതെ അഭിവൃദ്ധിയെ പ്രാപിച്ചിരുന്നു. അതിനു സംസ്കൃത്തേക്കാളും കൂടുതലായ ഒരു സാഹിത്യം ഉണ്ടെന്നും വ്യക്തമാണ്. ഒന്ന് എന്ന സംഖ്യയ്ക്കു കീഴോട്ട് ഒന്നിൻറെ അണുപ്രായമായ അംശങ്ങൾ ഉള്ളത് തമിഴരുടെ കണക്കുവിഷയമായ അഗാധബുദ്ധിയെ പ്രത്യക്ഷമാക്കുന്നു. ശ്രേഷ്ഠമായ പ്രാചീനതമിഴ്ഗ്രന്ഥങ്ങളിൽ സംഗീതം, ജ്യോതിഷം, വ്യാകരണം, തത്വശാസ്ത്രം മുതലായ വിഷയങ്ങളെ സംബന്ധിച്ച പ്രതിപാദനങ്ങൾ ശുദ്ധ തമിഴ് ഭാഷയിൽ തന്നെ കാണുന്നു. ഈ ശാസ്ത്രങ്ങൾ അന്യദേശീയർ വരുന്നതിനു മുമ്പുള്ള കാലത്തെ തമിഴരുടെ വിദ്യാവിഷയമായ സമ്പത്തിനെ വിശദമാക്കുന്നു. മുൻകാലത്ത്, ദേഹമാസകലം മൂടത്തക്കവണ്ണം വസ്ത്രം ധരിച്ച ഒരുവനെ കണ്ടാൽ അവൻ കുലീനൻ എന്നല്ല പരിചാരകൻ എന്നത്രെ മനസ്സിലാക്കുമായിരുന്നത്. സ്ത്രീകൾ സാധാരണയായി ധരിക്കുന്ന വസ്ത്രം അര മുതൽ കണങ്കാലു വരെ നീണ്ടുനില്ക്കുന്നു; അരയ്ക്കു മേൽ ഭാഗം മുഴുവനും നഗ്നതയായിട്ടുതന്നെയിരിക്കും. ദേഹത്തിലെ നഗ്നഭാഗങ്ങളിൽ മിക്കപ്പോഴും ചന്ദനം മുതലായ സുഗന്ധദ്രവ്യങ്ങൾ അണിയാറുണ്ടായിരുന്നു. സ്ത്രീകൾ തലമുടി കെട്ടിവെയ്ക്കുന്നത് ഒരു പ്രത്യേകരീതിയിലാണ്; അഞ്ചായി പകുത്ത് ഓരോ ഭാഗവും പ്രത്യേകമായി കെട്ടി, അവർക്കു ഭംഗിയാണെന്നു തോന്നുന്ന തരത്തിൽ തൂങ്ങിക്കിടക്കാൻ വിടുന്നു. സ്ത്രീകളും പുരുഷന്മാരും മുടിയിൽ എണ്ണ പുരട്ടുന്നുണ്ട്. സ്ത്രീകൾ അവരുടെ കൺപോളകളിൽ ഒരുതരം കറുത്ത ചായം (മഷി) തേയ്ക്കാറുണ്ട്. വസ്ത്രധാരണത്തിൽ കുറവു കാട്ടുന്നെങ്കിലും ആഭരണാലങ്കാരത്തിൽ തീരെ കുറയ്ക്കുന്നില്ല. വളരെ വിലപിടിച്ചവ കൈയ്യിലും കഴുത്തിലും അണിയുന്നു. താണതരക്കാർ വില കുറഞ്ഞ ലോഹങ്ങൾ കൊണ്ടും ശംഖിൻറെ തോടു കൊണ്ടും ആഭരണങ്ങളുണ്ടാക്കി അണിയുന്നു.

മര്യാദയായിട്ടാണെങ്കിലും, സ്ത്രീകൾ സമുദായകാര്യങ്ങളിലും വിനോദങ്ങളിലും പങ്കുകൊള്ളാറുണ്ട്. സാധുവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ പല തൊഴിലുകളിലും പ്രവേശിച്ചു നിത്യവൃത്തി കഴിക്കുന്നു. രാജ്ഞി മുതൽ കീഴോട്ടുള്ള എല്ലാവരും ക്ഷേത്രദർശനത്തിനു പോകും. ഉത്സവാഘോഷങ്ങളിൽ സ്ത്രീകൾ പങ്കുകൊള്ളുകയും സ്നേഹിതരെയും ബന്ധുക്കളേയും ക്ഷണിക്കുന്നതിനു പോകയും ചെയ്യാറുണ്ട്. ഇവരുടെ സ്വാതന്ത്ര്യമായ നടത്തകൊണ്ടു വിവാഹത്തിനു മുമ്പു തന്നെ യുവനജങ്ങൾക്കു പ്രേമവല വീശാൻ അവസരം കിട്ടുന്നു. പിന്നീട് അവരുടെ രക്ഷാകർത്താക്കളുടെ അനുമതിയോടു കൂടി വിവാഹജീവിതത്തിൽ ഏർപ്പെടുന്നതുകൊണ്ട് ഒരു യുവതി അവളുടെ കാമുകനോടു ചേർന്നു നടക്കുന്നതു ക്രമക്കേടാണെന്നു കരുതാറില്ല. സംഗീതാഭ്യാസം വളരെ പ്രധാനമായി കരുതിവന്നിരുന്നു. പല തരത്തിലുള്ള സംഗീതോപകരണങ്ങൾ അവർ ഉപയോഗിച്ചിരുന്നു. ഇവരുടെ

സംഗീതം ആര്യന്മാരുടേതിൽ നിന്നും വ്യത്യാസമുള്ളതാണ്.സംഗീതത്തിൽ പൂർണ്ണമായ വൈദഗ്ദ്ധ്യം നേടാൻ ഇച്ഛയുള്ളവർ രണ്ടും അഭ്യസിച്ചിരുന്നു. ചിത്രമെഴുത്തിലും ശില്പവിദ്യയിലും ഇവർക്കുള്ള സാമർത്ഥ്യം പൂർവ്വകാലത്തെ ക്ഷേത്രങ്ങൾ പരിശോധിച്ചാൽ അറിയാവുന്നതാണ്. സാധുക്കളുടെ വീടുകൾ മണ്ണ്, ഓല, പുല്ല് ഇവ കൊണ്ടു നിർമ്മിച്ചിരുന്നു. മറ്റുള്ളവരുടേത് കല്ലുകൊണ്ടും, ഓടുമേഞ്ഞും പണിതിരുന്നു.

അക്കാലത്ത് ഇന്ത്യയിലെ പ്രധാനമതങ്ങൾ – ഷൺമതങ്ങൾ – എല്ലാം ഇവിടെ നടപ്പുണ്ടായിരുന്നു. അപരിഷ്കൃതന്മാരും മൂഢന്മാരും ആയ ജനങ്ങൾ ഓരോ വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചു ജന്തുക്കളെ ബലി കഴിച്ചു വന്നിരുന്നു. വലിയ വിദ്വാന്മാരുടെ ആവാസഭൂമിയായ കൊടുങ്ങല്ലൂരിൽ ഇന്നും ഈ മൂഢകൃത്യം നടത്തുന്നതോർക്കുമ്പോൾ അത്ഭുതം തോന്നുന്നുണ്ട്.

ഇതുവരെ പറഞ്ഞതുകൊണ്ടു തമിഴകവാസികളും, പ്രത്യേകിച്ചു മലയാളികളും വളരെ പുരാതനകാലം മുതലേ പരിഷ്കാരദശയെ പ്രാപിച്ചിരുന്നുവെന്നു മനസ്സിലാക്കാവുന്നതാണല്ലോ.

ദ്രാവിഡമാഹാത്മ്യം

അധ്യായം 1

ദ്രാവിഡത്തെപ്പറ്റി എന്തെങ്കിലും പറയുന്നതിനു മുമ്പായി ജനങ്ങളുടെ ഉത്തരദിക്കിൽ നിന്നുമുള്ള വരവിനെക്കുറിച്ച് അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആര്യന്മാരുടെ ആദ്യത്തെ ജന്മഭൂമി റഷ്യാരാജ്യമാണെന്നു ചില പണ്ഡിതന്മാരും മദ്ധ്യ ഏഷ്യയാണെന്നു മറ്റു ചിലരും, ഇതു രണ്ടുമല്ല ഉത്തരധ്രുവപ്രദേശങ്ങളാണെന്നു ലോകമാന്യതിലകനും ഇങ്ങനെ പലരും പലവിധത്തിൽ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. ബുദ്ധിമാന്മാരും സൂക്ഷ്മാവലോകനപടുക്കളും ആയ ഈ മഹാന്മാരുടെ അഭിപ്രായങ്ങൾ നമുക്കു സ്വീകാര്യം തന്നെ. എങ്കിലും ഏതാണു സ്വീകാര്യം എന്ന് അറിയുന്നതിനാണു പ്രയാസമായിരിക്കുന്നത്. അനുഭവം കൊണ്ടോ അനുഭവസ്ഥന്മാരിൽ നിന്നോ ഗ്രഹിക്കാൻ സാധിക്കാത്ത സംഗതികൾക്കെല്ലാം ഫലം ഇത്തരത്തിലേ ആയിരിക്കയുള്ളൂ. ഈ മൂന്നു സ്ഥലങ്ങളിൽ നിന്നും ആര്യന്മാർ ജനിച്ചു തെക്കോട്ടു വന്നതായിത്തന്നെ നമുക്കു തല്ക്കാലം വിചാരിച്ചുകൊള്ളാം. മൂവായിരം വർഷങ്ങൾക്കു മുമ്പ് എപ്പോഴോ ഇവർ തെക്കോട്ടു പോയ കൂട്ടത്തിൽ ഇന്ത്യയിലും വന്നുചേർന്നു എന്നാണു ചരിത്രകാരന്മാരുടെ അഭിപ്രായം. ഇന്ത്യയിൽ വന്ന സമയം ഈ രാജ്യം മുഴുവനും ദ്രാവിഡരുടെ അധീനത്തിലായിരുന്നു എന്നുള്ള ചരിത്രം പ്രസിദ്ധമാണല്ലോ. എന്നാൽ ദ്രാവിഡർ ഇവിടെ എങ്ങനെ എപ്പോൾ വന്നു എന്നും മറ്റുമുള്ള സംഗതിയെക്കുറിച്ചു ചരിത്രകാരന്മാർക്ക് ഏകാഭിപ്രായം കാണുന്നില്ല. പൂർവ്വകാലത്തു ദ്രാവിഡർ വിദേശങ്ങളിലും സഞ്ചരിച്ചിരുന്നു എന്നുള്ളതിനു ബലൂചിസ്ഥാനിലും ആസ്ട്രേലിയയിലും ദ്രാവിഡഭാഷാവശിഷ്ടങ്ങൾ ഇന്നും നിലനില്ക്കുന്നതുതന്നെ തെളിവാണ്. ഇനി ഇവർ തന്നെ അല്ലേ ഉത്തരദിക്കുകളിൽ ചരിത്രകാരന്മാരുടെ ആര്യന്മാരായി പരിണമിച്ചത് എന്നും സംശയിക്കാൻ വയ്യാതില്ല. എന്തൊക്കെ പറഞ്ഞാലും, ആര്യന്മാർ മൂവായിരം സംവത്സരങ്ങൾക്കു മുമ്പ് തെക്കോട്ടു വന്നു എന്നുള്ള ചരിത്രകാരന്മാരുടെ അഭിപ്രായം സ്വീകരിക്കാമെങ്കിലും ജനങ്ങളുടെ ആദ്യത്തെ ജന്മഭൂമി ഉത്തരദിക്കാണെന്നുള്ള അഭിപ്രായം വകവെച്ചുകൊടുക്കാൻ ന്യായം കാണുന്നില്ല. ഇന്നത്തെ പാശ്ചാത്യ വിദ്വാന്മാർ പഠിച്ച പണിയെല്ലാം നോക്കിയിട്ടും അവിടെ ചെല്ലാൻ സാധിക്കാത്തവിധം അത്ര തണുപ്പു കൂടുതലുള്ള സ്ഥലമാണ് ഉത്തരധ്രുവദേശം. പിന്നെ പൂർവ്വകാലാവസ്ഥ പറയേണ്ടതില്ലല്ലോ. ചരിത്രകാരന്മാരുടെ അഭിപ്രായത്തിനായിട്ട് ആദ്യകാലത്ത് ആ സ്ഥലങ്ങൾ ജനവാസയോഗ്യമായിത്തീരാൻ തക്കവണ്ണം പ്രകൃതിനിയമം മാറ്റാവുന്നതല്ല. ഇങ്ങനെയുള്ള ദിക്കിൽ, ശൈത്യത്തിൽ നിന്നു ദേഹത്തെ രക്ഷിക്കുന്നതിനു വേണ്ടടത്തോളം ഉപകരണങ്ങൾ ഇല്ലാതിരുന്ന വനചരസമന്മാർ എങ്ങിനെ വസിക്കും? റഷ്യയിലും മദ്ധ്യ ഏഷ്യയിലും തണുപ്പി

ന് അല്പം കുറവുണ്ടെങ്കിലും ജനവാസയോഗ്യമായിത്തീർന്ന ശേഷം - അതായത് തണുപ്പിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിച്ചശേഷം അവിടങ്ങളിൽ ജനങ്ങൾ കുടിപ്പാർക്കാൻ തുടങ്ങി എന്നു വരാവുന്നതാണ്. ഉത്തര ദിക്കുകൾ ആര്യജന്മഭൂമി എന്നു കാണിക്കുന്നതിന് ഋഗ്വേദാദികളേയും, വടക്കൻ സമുദ്രങ്ങളിൽ കണ്ടതായ (ജന്തുക്കളുടെ) അസ്ഥികൂടങ്ങളേയും പ്രമാണമായി ഹാജരാക്കുന്നു. തെക്കൻദിക്കിൽ നിന്നു പോയവർ ഉത്തരദേശങ്ങളിൽ സഞ്ചരിക്കാൻ തുടങ്ങിയപ്പോൾ സൂര്യോദയത്തിനും മറ്റും അവർ കണ്ടുവരാറുള്ളതിൽ നിന്നു വ്യത്യാസം കാണുകയാൽ അത്ഭുതം തോന്നി സ്തുതിക്കയും അത് ഋഗ്വേദാദികളിൽ സ്ഥാനം പിടിക്കയും ചെയ്തതായിരിക്കണം. വേദങ്ങളിലും മറ്റും പലതും പലർ പലപ്പോഴായി കൂട്ടിച്ചേർത്തിട്ടുണ്ടെന്നുള്ള കാര്യവും വിസ്മരിക്കാൻ പാടില്ല.

"തത്രൈകസ്ഥം ജഗൽകൃൽസ്നം
പ്രതിഭക്ത മനേകധാച
അവശ്യദേവ ദേവസ്യ
ശരീരേ പാണ്ഡവസ്തതാഃ"

എന്ന ഗീതാശ്ലോകം വെച്ചുകൊണ്ടു പറകയാണെങ്കിൽ ഭാരതീയമഹർഷിമാർ ലോകതത്വങ്ങളെ ദിവ്യചക്ഷുസ്സ കൊണ്ടു ദർശിച്ച് ഋഗ്വേദാദികളിൽ ചേർന്നു എന്നും വിചാരിക്കാവുന്നതാണ്. അസ്ഥിക്കൂട്ടു മുതലായതു ജനങ്ങൾ അധിവസിച്ചിരുന്ന സ്ഥലങ്ങളിൽ നിന്നു പുഴ വഴിയാലും മറ്റും സമുദ്രത്തിലും അതുവഴി ഉത്തരദേശക്കടൽത്തീരങ്ങളിലും ഒഴുകിച്ചെന്നിരിക്കാവുന്നതാണ്.

സകലചരാചരങ്ങളും പഞ്ചഭൂതസൃഷ്ടങ്ങളാണല്ലോ. സൃഷ്ടിക്കു ചില നിയമങ്ങളെല്ലാം ഉണ്ട്. ശീതോഷ്ണാദികാലദേശാവസ്ഥകൾ സൃഷ്ടിക്കു യോഗ്യമായിരുന്നില്ലെങ്കിൽ ഒന്നും ഉണ്ടാകുന്നതല്ല. ശീതോഷ്ണാദികൾ ക്രമമല്ലാതിരുന്നാൽ സസ്യാദികൾ നശിച്ചുപോകും എന്നുള്ളതു നമുക്ക് അനുഭവമാണല്ലോ. വായുണ്ടെങ്കിൽ ഇരയും ഉണ്ട് എന്നാണല്ലോ പ്രകൃതിനിയമം. ഗർഭത്തിൽ കിടക്കുന്ന ശിശുവിന്റെ ശുശ്രൂഷാകാര്യം ആരും അന്വേഷിക്കണമെന്നില്ല. സൃഷ്ടിയുടെ ആരംഭകാലത്തു ജീവജാലങ്ങൾക്കുള്ള ഭക്ഷണസാധനങ്ങൾ പ്രകൃതി നല്കുന്നു. ആദികാലത്തു മനുഷ്യരുടെ ഭക്ഷണം കായ്, കിഴങ്ങ് മുതലായവയും, ശരീരത്തെ ശീതോഷ്ണങ്ങളുടെ ബാധയിൽ നിന്നു രക്ഷിക്കുന്നതിന് ഇല, മരവുരി, തുകൽ എന്നിവയും ആയിരുന്നു. ഇവയെല്ലാം ആര്യന്മാരുടെ ആദ്യജന്മഭൂമി എന്നു പറയുന്ന ഉത്തരധ്രുവാദി ദേശങ്ങളിൽ ഉണ്ടാകുന്നതല്ല. ഇവ ശീതോഷ്ണം മിതമായുള്ള ഇന്ത്യ മുതലായ ദേശങ്ങളിൽ സമൃദ്ധമായി ഉണ്ടാകുന്നുമുണ്ട്. ജനസംഹതി പ്രഥമതഃജന്മസ്ഥലമായി സ്വീകരിച്ച പുണ്യഭൂമി എവിടെ എന്ന പ്രശ്നത്തിനു മതിയായ ഉത്തരം ലോകചരിത്രകുശന്മാർ ഇന്നേവരെ നമുക്കു നല്കിയിട്ടില്ല. കഴിയുന്നത്ര യൂറോപ്പ് ഖണ്ഡത്തിൽ

ആയതാക്കിവെയ്ക്കണമെന്നു യൂറോപ്യൻ പണ്ഡിതന്മാർക്ക് ആഗ്രഹമുണ്ട്. ഏഷ്യയിലെ വിദ്വച്ഛിരോമണികളുടെ അഭിപ്രായങ്ങളും ഏറ്റവും വിലമതിക്കത്തക്കതാണെങ്കിലും അവരിലെല്ലാം യുക്തിഭംഗങ്ങൾ സാമാന്യമായി കാൺമാനുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഏറെക്കാലം പരിചിതമായ അഗസ്ത്യരുടെ 'ഞാലനൂൽ' എന്ന ഗ്രന്ഥം പ്രസ്തുതവിഷയത്തെപ്പറ്റി പറയുന്ന ഭാഗങ്ങൾ ശ്രദ്ധാർഹങ്ങളും യുക്തിയുക്തങ്ങളും ആണെന്നു പ്രസ്താവിച്ചുകൊള്ളുന്നു. ഈ ഭൂമിശാസ്ത്രപ്രകാരം ആദ്യമായി സകലജീവികളും ഉണ്ടായതു ദ്രാവിഡദേശത്താണെന്നാണ്. "പല്ലുയിരൈ മുന്നിൻറെ മാതാവപ്പാപരിതിമുകം പടുമിന്തപ്പാര് താനപ്പാ" - സകലജീവികളേയും ഉല്പാദിപ്പിച്ചു സൂര്യരശ്മി തട്ടുന്ന ഈ ഭൂമിയാണ്. സൂക്ഷ്മാവലോകനം ചെയ്താൽ അഗസ്ത്യരുടെ ഈ അഭിപ്രായം എത്രമാത്രം ആദരണീയമെന്നു നമുക്കു മനസ്സിലാക്കാം." സൃഷ്ടി, സ്ഥിതി, സംഹാരം ഇവ ലോകസ്വഭാവനമാണെന്നു ഹിന്ദുശാസ്ത്രം പറയുന്നുണ്ട്. സൃഷ്ടിക്രമം ഏകദേശം താഴെ കുറിക്കും പ്രകാരമാകുന്നു; സച്ചിദാനന്ദസ്വരൂപമായ ചൈതന്യത്തിൽ നിന്നും മൂലപ്രകൃതി എന്ന ശക്തിയും ഇതിൽ നിന്നു ത്രിഗുണങ്ങളും ഇവയിൽ നിന്നു ത്രിമൂർത്തികൾ മൂന്നു വക ജീവന്മാർ, കാരണം, ഇന്ദ്രിയം മുതലായ സ്ഥൂലഭൂതങ്ങൾ ഇത്രയും ഉണ്ടായി. ത്രിഗുണങ്ങളിൽ അന്ത്യഗുണമായ താമസത്തിൽ നിന്ന് ആവരണവിക്ഷേപശക്തികളും; വിക്ഷേപശക്തിയിൽ നിന്നു സൂക്ഷ്മപഞ്ചമഹാഭൂതങ്ങളും ഇവയിൽ നിന്നു സൂക്ഷ്മസ്ഥൂലശരീരങ്ങളും ജനിച്ചു. സൂക്ഷ്മശരീരങ്ങളുടെ പഞ്ചീകരണത്താൽ സ്ഥൂലഭൂതങ്ങളും ഈ സ്ഥൂലഭൂതങ്ങളിൽ നിന്നു സ്ഥൂലശരീരങ്ങളും ഭൂമി മുതലായ സകല അണ്ഡങ്ങളും ഉണ്ടായി. ലോകത്തിൻറെ സ്ഥിതി കഴിഞ്ഞാൽ പിന്നെ സംഹാരം ഉണ്ടാകുന്നു. ഇതാണു പ്രളയകാലം. പ്രളയകാലം സമീപിക്കുമ്പോഴുള്ള സ്ഥിതിയെപ്പറ്റി ശ്രീമഹാഭാഗവതത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ശതാവർഷാപ്യനാവൃഷ്ടിഭവിഷ്യത്യുൽ
ബണാഭുവി തൽക്കാലോ
പചിതോഷ്ണോർക്കൊ
ലോകാം സ്ത്രീൻ പ്രതിപഷ്യതി
സംവർത്തകൊ മേഘഗണോ
വർഷതിസ്മതം സമാ ധാരാഭിഹസ്തിഹസ്താദ്ഃ
ലിയെതെ സലിലേ വിരാട്"

ഒടുവിൽ സകലതും മൂലപ്രകൃതിയിൽ ലയിക്കുന്നതായി (ആസീദിദന്തമോ ഭൂതമപ്രജ്ഞാതമലക്ഷണം അപ്രതർക്ക്യമ വിജ്ഞേയം പ്രസുപ്തമിവ സർവ്വതഃ) മനു പറഞ്ഞിരിക്കുന്നു. സൂര്യചന്ദ്രാദികളും ഇതിൽ പെടുമെന്നു പറയേണ്ടതില്ലല്ലോ. ഇവയുടെ സഹായം കൂടാതെ യാതൊന്നും വളരുന്നതല്ല. സൃഷ്ടിയുടെ ആരംഭ

ത്തിൽ സൂര്യപ്രകാരം ആദ്യമായി തട്ടിയതു ദ്രാവിഡദേശത്തായിരിക്കണം. മഹർഷിവചനം ഇതിനെ സൂചിപ്പിക്കുകയാണു ചെയ്യുന്നത്. ഭൂമി ഉണ്ടാകുന്നതിനു പ്രകൃതി ചില നിയമങ്ങളെല്ലാം കല്പിച്ചിട്ടുണ്ട്. അതു പ്രകാരം ആദ്യമായുണ്ടായ ഭൂമി ദ്രാവിഡദേശമായിരിക്കാം. പിന്നീട് ക്രമേണ മറ്റു ഭൂമികളും ഉണ്ടായി, ജനങ്ങൾ കുടിയേറിപ്പാർക്കാൻ തുടങ്ങിയിരിക്കണം. ഭൂമി ഉണ്ടായി വന്ന ക്രമത്തെപ്പറ്റി ഇങ്ങനെ ചിന്തിക്കാം. ആദ്യം ദ്രാവിഡദേശവും അതേ മേഖലയിൽ കിടക്കുന്ന അറേബ്യയുടെ തെക്കുഭാഗം മുതലായ സ്ഥലങ്ങളും ഉണ്ടായി. ഒരേ മേഖലയിൽ കിടക്കുന്ന മറ്റു സ്ഥലങ്ങളിൽ അധികഭാഗം സമുദ്രവും മണലാരണ്യങ്ങളും ആകയാൽ ജനവാസത്തിനു യോജിച്ചതല്ലായിരുന്നു. രണ്ടാമത് ആസ്ട്രേലിയയുടെ ഉത്തരഭാഗം അതേ മേഖലയിൽപ്പെട്ട ആഫ്രിക്ക; അമേരിക്ക മുതലായ ഖണ്ഡങ്ങളുടെ ചില ഭാഗങ്ങൾ; മൂന്നാമത്തെ ഉത്തര ഇന്ത്യ; (ആര്യാവർത്തം) ഇതേ മേഖലയിൽപ്പെട്ട ഗ്രീസ്സ് മുതലായ ദേശങ്ങളും പിന്നീട് മങ്കോളിയയും അതേ മേഖലയിൽപ്പെട്ട ഭൂമികളും അതിനു ശേഷം സൈബീരിയയും ഇതേ മേഖലയിൽപ്പെട്ട മറ്റു ഭൂമികളും ഇങ്ങനെ ക്രമേണ ഉണ്ടായിവന്നു. ഭൂമിയുടെ ആകൃതി ഇപ്രകാരം രൂപപ്പെട്ടു വന്നതുകൊണ്ടായിരിക്കണം. ഭൂമി കോഴിമുട്ട പോലെ എന്നും നാരങ്ങാ പോലെ എന്നും മറ്റും ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിനു പോലും വ്യത്യാസം വന്നതെന്ന് ഊഹിക്കാവുന്നതാണ്. ഭൂമിശാസ്ത്രത്തെപ്പറ്റി വിവരിച്ചു കേൾക്കണമെന്നു ശിഷ്യൻ ഗുരുപാദരായ അഗസ്ത്യമഹർഷിയോട് അഭ്യർത്ഥിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: ഭൂമിയുടെ ആകൃതിക്കു മാറ്റം ഭവിക്കുന്നതു സ്വാഭാവികമാകയാൽ ഇന്നത്തെ അഭിപ്രായം ഇനിയൊരു കാലത്തു ഭേദപ്പെടുത്തേണ്ടതായി വരും; അപ്പോൾ നമ്മുടെ പിൻഗാമികൾ ആക്ഷേപിച്ചു എന്നു വരാവുന്നതാണ്. എങ്കിലും ഭൂമിയെക്കുറിച്ചുള്ള ശരിയായ തത്വത്തെ ഞാൻ നിനക്കു പറഞ്ഞുതരാം. ദ്രാവിഡദേശത്തെ ശീതോഷ്ണാവസ്ഥ ജന്തുജന്മത്തിന് അന്ന് (സൃഷ്ടിയുടെ ആരംഭത്തിൽ) അനുകൂലമായി ഇരുന്നിരിക്കണം. ആദ്യമായുണ്ടായ ജനങ്ങൾ ജന്മസ്ഥലം വിട്ടു ഫലസമൃദ്ധങ്ങളും വിപുലങ്ങളുമായ മറ്റു പ്രദേശങ്ങളിൽ ക്രമേണ പോകുന്നു; പ്രഥമതഃസൃഷ്ടിയുണ്ടായ ദേശമാകയാലായിരിക്കണം "ചൊരിന്തൊഴുകുമഴകുടയ പാരിതുതാനപ്പാ" എന്ന് അഗസ്ത്യർ പറഞ്ഞിട്ടുള്ളത്. തിരുയിടം എന്ന പേരും ഈ അഭിപ്രായത്തോടു വളരെ യോജിക്കുന്നുണ്ട്. തിരുയിടം (തിരു + യിടം = തിരുയിടം = തിരുവിടം = ദിരാവിടം = ദ്രാവിടം – മനോഹരമായ മാഹാത്മ്യമുള്ള പ്രദേശം എന്ന് അർത്ഥം) എന്നതാണ് ഒടുവിൽ ദ്രാവിഡമായി പരിണമിച്ചത്. ഇനി ഭാഷാശാസ്ത്രത്തെ അടിസ്ഥാനമാക്കി നോക്കുകയാണെങ്കിലും ദ്രാവിഡദേശത്താണ് ജനങ്ങൾ ആദ്യമായി ഉണ്ടായതെന്നു കാണാം. പ്രകൃതിനിയമത്തോട് ഇത്രമാത്രം അടുപ്പം മറ്റൊരു ഭാഷയ്ക്കും കാണുന്നില്ല. ദ്രാവിഡപദങ്ങളായ അക്ക,

അത്ത, അമ്മ, അപ്പ, അന്ന മുതലായവ പ്രധാനഭാഷാകുടുംബങ്ങളിലെല്ലാം, അർത്ഥത്തിനു വ്യത്യാസം കൂടാതെ ഉപയോഗിച്ചുവരുന്നുണ്ട്. ജനങ്ങൾ ആദ്യമായി ഉപയോഗിക്കുന്നതു ശാസ്ത്രഭാഷാപദങ്ങളല്ല; മേൽ പറഞ്ഞ തരത്തിലുള്ള സാധാരണപദങ്ങളാകുന്നു. ഇതുപോലെ അനേകം ദ്രാവിഡപദങ്ങൾ എല്ലാ ഭാഷകളിലും കാണാവുന്നതാണ്. ജനങ്ങൾ ഒരേ സ്ഥലത്തു നിന്നും പോയതായി ഇതുകൊണ്ടും അനുമാനിക്കാവുന്നതാണ്. ദ്രാവിഡർ പുരാതനകാലത്തു പാശ്ചാത്യരായ വർഗ്ഗക്കാരുടെ സമീപവാസികളോ ഈ രണ്ടു സമുദായങ്ങളും ഒരേ വർഗ്ഗത്തിൽ നിന്നു പിരിഞ്ഞുപോയവരോ ആയിരിക്കാവുന്നതാണ് എന്നു ഡോക്ടർ കാൽഡ്വലും അഭിപ്രായപ്പെടുന്നു. ഇപ്പോൾ ഭാഷകളിൽ കാണുന്ന വ്യത്യാസം ഇക്കാര്യത്തിൽ ഗൗനിക്കാൻ പാടില്ല. ഭാഷ പരിഷ്കൃതദശയിൽ എത്തുന്നതിനു മുമ്പാണു ദ്രാവിഡർ ഉത്തരദിക്കുകളിലേക്കു പോയിട്ടുള്ളത്.

“ഏകവർണ്ണാഃസമഭാഷാഃ
ഏകരൂപാശ്ചസർവ്വശഃ
താസാം നാസ്തി
വിശേഷോഹ്ദർശനേ ലക്ഷണേപിവാ”

എന്ന ഉത്തരരാമായണപദ്യം ഇപ്രകൃതത്തിൽ ശ്രദ്ധേയമാണ്. അതിനുശേഷം ഭാഷ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതാണ്. മലയാളഭാഷയുടെ കാര്യം നമ്മുടെ അനുഭവത്തിലിരിക്കുന്ന സംഗതിയാകകൊണ്ട് അഭിവൃദ്ധിക്കായും ഊഹിക്കത്തക്കതാണ്. ദ്രാവിഡഭാഷ തന്നെയായിരിക്കണം ആദ്യഭാഷ. ഒരു കുട്ടി ജനിച്ചാലുടനെ അത്യല്പസമയം എന്തോ മയക്കം കൊണ്ട് അതു മൗനമാണ്ടിരിക്കുമല്ലോ. പിന്നീടത്രെ അതു കരയുന്നത്. അപ്പോൾ അതിൻറെ മൗനം ഒഴിയുന്നു – ഇല്ലാതാകുന്നു. മൗനത്തെ ഒഴിച്ചതുകൊണ്ടു മൊഴി എന്നതുണ്ടായി. മൗനം ഒഴിച്ചാൽ ആദ്യമായുണ്ടാകുന്ന ശബ്ദം ‘അ’ ആകുന്നു. രണ്ടാമതു ചിരിക്കുന്നു. അപ്പോൾ ‘ഇ’ എന്നതുണ്ടാകുന്നു. പിന്നീടു ഭയമാണ് ഉണ്ടാകാറ്. അത് ‘ഉ’ ആയിത്തീർന്നു. മറ്റുള്ളവർ പറയുന്നതു വീണ്ടും കേൾക്കുകയും ശരി വെക്കയോ വണക്കം കാട്ടുകയോ ചെയ്കയും ചെയ്യുന്നതിന് ‘എ’ – ‘ഒ’ എന്നിയായി എടുക്കാം. ‘ഔ’ എന്ന ക്ഷീണം പോക്കൽ സൂചിപ്പിക്കുന്ന അക്ഷരമാണു പിന്നീടുണ്ടായത്. മൗനം ഒഴിച്ചപ്പോൾ ഉണ്ടായ ‘അ’കാരവും ചുണ്ടു കൂട്ടിയപ്പോൾ ഉളവായ ‘മ്’’ എന്ന അർദ്ധാക്ഷരവും വീണ്ടും വാ തുറന്നപ്പോൾ ഉണ്ടാകുന്ന ‘അ’കാരവും കൂടിച്ചേരുമ്പോൾ ‘അമ്മ’ എന്ന പദം ഉണ്ടാകുന്നു. അതു പെറ്റമാതാവ് സ്വീകരിച്ചു. ഇതുപോലെ അപ്പാ, അച്ഛാ എന്ന വാക്കുകൾ ജന്മയിതാവായ അച്ഛൻ കൈക്കൊണ്ടു. ഇങ്ങനെ അത്ത, അണ്ണ, അക്ക, അന്ന മുതലായവയും ഉണ്ടാകുന്നു. മേൽ പറഞ്ഞ പേരുകളാൽ അറിയപ്പെടുന്നവരെല്ലാം ഒരു ശിശുവിൻറെ അടുത്ത ബന്ധുക്കളാണ്. ഌ, ഞ ശബ്ദങ്ങൾ

പിന്നീടു കൂട്ടിച്ചേർത്തതാണെന്നു പ്രസിദ്ധമാണല്ലോ. കുറേ ദ്രാവിഡർ ആദ്യമായി ആര്യാവർത്തം എന്നും ബ്രാഹ്മതീർത്ഥദേശം എന്നും വിളിച്ചുവരുന്ന ഉത്തര ഇന്ത്യയിൽ പോയി കുടിപ്പാർക്കാൻ തുടങ്ങി. ഉത്തരദിക്കിൽ പോയ ദ്രാവിഡർ കാലക്രമം കൊണ്ട് അവരുടെ പൂർവ്വികരായ ദക്ഷിണേന്ത്യക്കാരേക്കാൾ പരിഷ്കാരികളായി ഭവിച്ചു. ഇവർ തന്നത്താൻ ആര്യന്മാർ (ബുദ്ധിസംസ്കാരമുള്ളവർ) എന്ന നാമം കൈക്കൊണ്ടു. ഇവരുടെ പാർപ്പിടത്തിന് ആര്യാവർത്തം എന്ന പേരും ഉണ്ടായി. പുരാതനകാലത്തു പരിഷ്കൃതദശയിൽ എത്തിയിരുന്ന ഈജിപ്റ്റ്, മെക്സിക്കോ മുതലായ രാജ്യങ്ങൾ ഇതേ ആര്യാവർത്തത്തിൻറെ മേഖലയിലാണു സ്ഥിതി ചെയ്യുന്നത്. ആര്യന്മാർ പരിഷ്കൃതദശയെ പ്രാപിച്ചശേഷം മേൽ പറഞ്ഞ രാജ്യങ്ങളിൽ പോയതായിരിക്കണം. പുരാതനകാലത്തു ഗതാഗതത്തിനു സൗകര്യം കടൽവഴിയായിരുന്നു. ഭാരതീയരുടെ പുരാതന പരിഷ്കാരാവശിഷ്ടങ്ങളും ചില ഐതിഹ്യങ്ങളും മറ്റും മിക്കരാജ്യങ്ങളിലും ഇന്നും നിലനിന്നുവരുന്നതും സ്മർത്തവ്യമാണ് – പിന്നീട് ഗ്രീസ്സ്, ചൈന, വടക്കേ അമേരിക്ക മുതലായ രാജ്യങ്ങളിലും പോയി വാസം ഉറപ്പിച്ചിരിക്കണം. ഇതെല്ലാം സംഭവിച്ചതു വളരെ സഹസ്രാബ്ദങ്ങൾക്കു മുമ്പാണെന്നു മാത്രം വിചാരിക്കാനേ നിവൃത്തിയുള്ളൂ. ഓരോ ദേശങ്ങളുടേയും ഭൂപ്രകൃതി, ശീതോഷ്ണാദി അവസ്ഥകൾ, ഭക്ഷണസമ്പ്രദായം മുതലായവക്കു തമ്മിൽ വളരെ വളരെ വ്യത്യാസം ഉള്ളതുകൊണ്ടും ചില ദിക്കിൽ വളരെ കാലം താമസിച്ചു പരമ്പരയായുള്ള നടപടി കൊണ്ടും ലോകത്തുള്ള ജനങ്ങളുടെ ആകൃതിക്കും പ്രകൃതിക്കും അത്യല്പമായ വ്യത്യാസങ്ങൾ ഉണ്ടാകാവുന്നതാണ്. വളരേ കാലം കൊണ്ടു ജനങ്ങൾ ഭൂമിയുടെ മിക്ക ഭാഗങ്ങളിലും നിറഞ്ഞു. പിന്നീട്, മൂവായിരം സംവത്സരത്തിനു മുമ്പ്, ജനങ്ങൾ പല സ്ഥലത്തും സഞ്ചരിക്കാറുള്ളതു പോലെ ചൈനയുടെ വടക്കൻ ദേശങ്ങളിൽ നിന്നും മറ്റും കുറേ പേർ ഇന്ത്യയിലേക്കു വന്നതിനേയാണു ചരിത്രകാരന്മാർ ആര്യന്മാരുടെ വരവായിട്ടു പറഞ്ഞിരിക്കുന്നത്. ഭാരതീയരെ ആര്യന്മാരെന്നും ദ്രാവിഡന്മാരെന്നും പ്രത്യേകം തരം തിരിക്കാൻ ആർക്കും സുസാധ്യമാകുന്നില്ല. മനുഷ്യവർഗ്ഗലക്ഷണശാസ്ത്രപ്രകാരം ആര്യന്മാരേയും ദ്രാവിഡന്മാരേയും തിരിച്ചറിവാൻ വളരെ പണിപ്പെട്ടിട്ടും സാധിച്ചിട്ടില്ലെന്നു ഡോക്ടർ കാൽഡവൽ, പ്രൊഫസർ ഹോമാർഷാം കോക്സ് മുതലായ പണ്ഡിതന്മാർ പറയുന്നു. മേൽ പറഞ്ഞ എല്ലാ സംഗതികളെക്കൊണ്ടും ആര്യന്മാരുടെ ആദ്യജന്മഭൂമി ദക്ഷിണ ഇന്ത്യയാണെന്നും ഇവിടെ നിന്നുമാണ് അവർ വടക്കോട്ടു പോയിട്ടുള്ളതെന്നും ചരിത്രകാരന്മാർ ആര്യാഗമനം എന്നും പറഞ്ഞിരിക്കുന്നതു കുറെ ജനങ്ങളുടെ പിന്നീടുള്ള വരവാണെന്നും വ്യക്തമായി ഗ്രഹിക്കാവുന്നതാണ്.

അധ്യായം 2

ഈഴവർ അവരുടെ സമുദായോദ്ധാരണത്തിനായി തീവ്രയത്നം ചെയ്യുന്ന ഒരു ഘട്ടമാണല്ലോ ഇത്. ഇതിനിടയ്ക്ക് അവർ പ്രാചീന ചരിത്രപര്യവേഷണവും ചെയ്യാതിരിക്കില്ല. ഇങ്ങനെയുള്ള ശ്രമഫലങ്ങളിൽ ഒന്നാണ് എട്ടാം ലക്കം 'ആത്മപോഷിണി'യിലെ 'ഏതു കളിന്ദജ' എന്ന ലേഖനം. ഇതേപ്പറ്റി അല്പം നിരൂപിക്കേണ്ടിയിരിക്കുന്നു.

നിരുക്തശാസ്ത്രത്തേക്കാൾ മുഖ്യത കല്പിക്കേണ്ടത് ആ ഭാഷ സംസാരിച്ചുവരുന്ന ജനസമുദായത്തിൻറെ ആദ്യചരിത്രത്തിനാണ് എന്നു തനിക്കു തോന്നുന്നതായും, ഇല്ലെങ്കിലും തുല്യത ആരും കല്പിക്കും എന്നു നിശ്ചയമാണെന്നും ലേഖകൻ അഭിപ്രായപ്പെട്ടിരിക്കുന്നു. പൂർവ്വചരിത്രത്തേയും മറ്റും അടിസ്ഥാനമാക്കി നിരുക്ത ശാസ്ത്രം ചമച്ചിരിക്കുകൊണ്ടു രണ്ടും രണ്ടാണെന്നു കരുതേണ്ട ആവശ്യമില്ലല്ലോ. പാലി ആചാര്യന്മാരായ ബുദ്ധമതക്കാരാണു ദ്രാവിഡരുടെ ഭാഷയ്ക്കും മറ്റും പരി ഷ്കാരം വരുത്തിയിട്ടുള്ളതെന്നും മറ്റുമാണു ലേഖകൻറെ പ്രധാനവാദവിഷയം. ആര്യന്മാർ ഇന്ത്യയിൽ കടന്ന കാലത്ത് അവിടം മുഴുവനും ദ്രാവിഡരുടെ അധീന ത്തിലായിരുന്നു എന്നുള്ള ചരിത്രകാരാഭിപ്രായത്തെ മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഭാരതത്തിലെ ആര്യന്മാരേയും ദ്രാവിഡന്മാരേയും തിരിച്ചറിവാൻ സാധിക്കുന്നി ല്ലെന്നും പ്രസ്താവിച്ചുകഴിഞ്ഞു. ഇങ്ങനെ ഇരിക്കുമ്പോൾ ഇതിൽ ഏതു കൂട്ടരാണു തെക്കേ ഇന്ത്യയിൽ വന്നതെന്ന് എങ്ങനെ തീർച്ച പറവാൻ സാധിക്കും? കൂടാ തെ, രണ്ടു ഭാഷ സംസാരിക്കുന്ന സമുദായങ്ങൾ കൂട്ടിമുട്ടുമ്പോൾ മലയാളത്തിലെ മണിപ്രവാളസമ്പ്രദായം പോലെ ഭാഷയ്ക്ക് ഒരു പുതുമ ഉണ്ടാവുന്നതാണല്ലോ. പ്രാകൃതഭാഷകളുടെ ഉത്ഭവം ഇങ്ങനെ ആയിരിക്കുമെന്നൂഹിക്കരുതോ?

മറ്റു ഭാഷകളിൽ കാണുന്ന ദ്രാവിഡപദങ്ങൾ ഈ ഊഹത്തെ ബലപ്പെടുത്തുകയും ചെയ്യും. അല്ലെങ്കിൽ ആര്യഭാഷ വശമാക്കിയ ദ്രാവിഡർ ഉത്തരദിക്കിൽ നിന്നു ദക്ഷിണദേശത്തു വന്നുവെന്നു വരാമല്ലോ. അഗസ്ത്യമുനി ദ്രാവിഡനോ ആര്യനോ എന്നുള്ള കാര്യം ഇന്നും വിവാദവിഷയമായിട്ടാണിരിക്കുന്നത്. എന്നാൽ പാലി ആര്യന്മാരോ ബൗദ്ധന്മാരോ തെക്കേ ഇന്ത്യയിൽ കടന്നുകൂടും മുമ്പ് പുരാതനമായുള്ള ദ്രാവിഡദേശത്ത് ഒരു ഭാഷ നടപ്പിൽ ഇരിക്കണമെന്നതും വിസംവാദവിഷയമല്ല. ഒരു ഭാഷയ്ക്കു മറ്റൊരു ഭാഷയുടെ സഹായം കൊണ്ട് അഭിവൃദ്ധി വരാവുന്നതാണ്. പാലിഭാഷ മൂലം ദ്രാവിഡഭാഷയ്ക്കോ അഥവാ മല യാളഭാഷയ്ക്കോ അഭിവൃദ്ധി ഉണ്ടായതായി കാണുന്നില്ല. എന്നാൽ വികൃതരൂപമാ ക്കിയ സംസ്കൃതപദങ്ങൾ കാണുന്നുമുണ്ട്. അതിനാൽ പാലിയല്ല സംസ്കൃതമാണു ദ്രാവിഡഭാഷയിൽ കാണുന്ന പദങ്ങളെന്നു തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. പാലിയും സംസ്കൃതവും തമ്മിലുള്ള വ്യത്യാസം നോക്കുകയാണെങ്കിൽ, ഗ്രാമ്യ

മലയാളഭാഷയും പുസ്തകത്തിലെ മലയാളഭാഷയും തമ്മിലുള്ളയത്ര അകൽച്ച കാണാവുന്നതാണ്.

ദ്രാവിഡാക്ഷരമാലകൾ പാലിയിൽ നിന്നുത്ഭവിച്ചതാണെന്നുള്ള ചിലരുടെ സിദ്ധാന്തം വെറും മൗഢ്യസൂചകമെന്നേ പറഞ്ഞുകൂടൂ. ദ്രാവിഡവട്ടെഴുത്തും അശോകൻറെ അക്ഷരമാലയും രണ്ടും സ്വതന്ത്രമായി ഉത്ഭവിച്ചതാണെന്നു വിഖ്യാതപണ്ഡിതനായ ഡോക്ടർ ബർണൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ ദ്രാവിഡഭാഷയിൽ അതിഖരമൃദുഘോഷാദിവർണ്ണങ്ങളുണ്ടെങ്കിലും ആ അക്ഷരങ്ങളില്ല. റ, ള, ഴ, റ്റ, ങ എന്നിവ കൂടുതലായും ഉണ്ട്. ഐ, ഔ എന്നിവ പാലിയിൽ ഇല്ല. പാലിയിലില്ലാത്ത അക്ഷരമാല കൂടി ദ്രാവിഡർ കടം വാങ്ങിയത് അത്ഭുതമായിരിക്കുന്നു. ആദ്യം കോലെ(മേലോട്ടു നീണ്ട എ)ഴുത്തായിരുന്നു. ഇതിനെ പരിഷ്കരിച്ചതായിരിക്കണം വട്ടെഴുത്ത്. ഇതിൽ നിന്നുമാണു ഗ്രന്ഥമെഴുത്തുലിപി പരിഷ്കരിച്ചിട്ടുള്ളത്. മലയാളാക്ഷരമാല ഇതിൽ നിന്നും എടുത്തതാകുന്നു. വട്ടെഴുത്തിനും പാലിക്കും വളരെ സാദൃശ്യമുള്ളതു വാസ്തവം തന്നെ. അതുകൊണ്ട് ഏത് ഏതിൽ നിന്നുളവായി എന്നു പറവാൻ പ്രയാസമാണ്. പുരാതനമായ ദ്രാവിഡാക്ഷരമാലയിൽ നിന്നു മറ്റേതുണ്ടായി എന്ന് അനുമാനിക്കുന്നതാണു യുക്തിക്കു ചേരുന്നത്. അല്ലെങ്കിൽ രണ്ടിലും കാണുന്ന സാദൃശ്യങ്ങൾ യാദൃച്ഛികമല്ലെന്നു വരാം. ഇതുപോലെ യാതൊരു യഥാർത്ഥബന്ധവും കൂടാത്ത വെറും ബാഹ്യസാദൃശ്യങ്ങൾ ലോകത്തിൽ ധാരാളം കാണാം. ദ്രാവിഡരുടേതു സ്വതന്ത്രമായ ഒരു ലിപായക കൊണ്ടു മലയാളികളെ അക്ഷരാഭ്യാസം ചെയ്യിക്കാൻ ബുദ്ധമതക്കാർ വേണമെന്നില്ലല്ലോ. സിംഹളക്കാരുടെ 'എലു' എന്നത് 'എഴുത്ത്' എന്ന പദം ലോപിച്ചുണ്ടായതെന്നൂഹിക്കേണ്ടിയിരിക്കുന്നു. അക്ഷരമുതലെഴുത്തെന്നു കുറകളിലും കാണുന്നുണ്ട്.

പള്ളി എന്ന വാക്ക് ദ്രാവിഡർക്കു ബുദ്ധമതത്തിൽ നിന്നു കിട്ടിയതാണെന്നു ലേഖകൻ ഊഹിക്കുന്നു. എന്നാൽ വാസ്തവം ഇതിനു വിപരീതമാണ്. അനേകദ്രാവിഡപദങ്ങൾ മറ്റു ഭാഷകളിൽ ലയിച്ചുകിടപ്പുണ്ടെന്നു മുമ്പു പറഞ്ഞല്ലോ. പള്ളി എന്ന പദം ശുദ്ധദ്രാവിഡമാണെന്നും ഇതിനെ പാശ്ചാത്യ-ഇൻഡ്യോ -യൂറോപ്യൻ ഭാഷകളിൽ ഉപയോഗിക്കുന്നുണ്ടെന്നും ഡോക്ടർ കാൽഡുവൽ പറയുന്നു. പുരുഷാരമുള്ള സ്ഥലം എന്നാണ് ഈ വാക്കിനു പൊതുവിലുള്ള അർത്ഥം. അതുകൊണ്ടു ദേവാലയങ്ങൾക്കോ വിദ്യാലയങ്ങൾക്കോ പട്ടണത്തിനോ ഗ്രാമത്തിനോ ഈ പേര് ഉപയോഗിക്കാവുന്നതാണ്. തൃശ്ശിനാപ്പള്ളി, കാർത്തികപ്പള്ളി, ഇടപ്പള്ളി, പുതുപ്പള്ളി, എഴുത്തുപള്ളി മുതലായവ ഉദാഹരണമാണ്. ഇതിപ്പോൾ ഗൃഹങ്ങൾക്കും ബഹുമാനസൂചകമായും ഉപയോഗിച്ചുവരുന്നുണ്ട്. സാധാരണയായി ദ്രാവിഡദേശങ്ങളിൽ ക്ഷേത്രങ്ങളെ കോവിൽ, അമ്പലം

എന്നിങ്ങനെയാണ പേര് വിളിച്ചുവരുന്നത്. ഇനി ദ്രാവിഡദേശങ്ങളിലുള്ളപോലെ പ്രചാരം ഈ നാമത്തിനു മറ്റു ദിക്കുകളിൽ ഉണ്ടോ എന്നും സംശയിക്കുന്നു. ഇപ്പദം സംസ്കൃതനിഘണ്ടുവിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 'ഇ'കാരം ദ്രാവിഡാക്ഷരമാക കൊണ്ട് സംസ്കൃതത്തിലും പാലിയിലും പിന്നീടു ചേർത്തു എന്നേ വിചാരിക്കാൻ തരമുള്ളൂ. ഇത്രത്തോളം മാഹാത്മ്യമുള്ളതായി കരുതുന്ന പള്ളി എന്ന വാക്ക് പാലി ആയിരുന്നെങ്കിൽ പ്രത്യേകിച്ചും സംസ്കൃതക്കാർ അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്ക്, അമരകോശക്കാരൻ വിട്ടുകളയുമെന്നൂഹിക്കാൻ കൂടി നിവൃത്തിയില്ല. ഇപ്പദം പാലിയിലുണ്ടെങ്കിൽ അതു ദ്രാവിഡരോട് ഇരവൽ വാങ്ങിയതാണെന്നു തീർച്ചയായിപ്പറയാം.

കേരളത്തിൻറെ കിടപ്പിനെപ്പറ്റി വലിയ ചരിത്രപണ്ഡിതന്മാർക്കു പോലും നല്ല നിശ്ചയം കാണുന്നില്ല. സമുദ്രത്തിൻറേയും കായലിൻറേയും തീരപ്രദേശങ്ങൾക്കു കേരളം എന്ന പേര് യോജിക്കുന്നുണ്ട്. പുരാണപ്രസിദ്ധമായ കേരളവും തിരുവിതാംകൂർ, കൊച്ചി, മലബാർ ജില്ല ഈ രാജ്യങ്ങളോടു ചേർന്നുകിടക്കുന്ന കേരളവും രണ്ടും രണ്ടാണ്. പുരാണപ്രസിദ്ധമായ കേരളം വടക്കൻ കന്യാകുമാരി മുതൽ സൗരാഷ്ട്ര വരെ നീളത്തിൽ സപ്തകൊങ്കണത്തിൽ പെട്ടുകിടക്കുന്ന കരയാകുന്നു. കച്ഛപുരിക്കു തെക്കു പരശുരാമക്ഷേത്രവും ഇതിനു തെക്കു മലയാളവും ആകുന്നു എന്ന് 'നന്ദീശസംഹിത'യിൽ പറഞ്ഞിട്ടുണ്ട്. പുതുപ്പട്ടണത്തിൽ നിന്നു കണ്ണേറ്റിയോളം കേരളരാജ്യം. കണ്ണേറ്റി മുതൽ (തെക്കൻ) കന്യാകുമാരി വരെ കൂവളരാജ്യം എന്ന് ഒരു പഴേ കേരളോത്പത്തിയിലും കാണുന്നു. മലബാർ ജില്ല മുതൽ തെക്കോട്ടു നീണ്ടുകിടക്കുന്ന കേരളം സമുദ്രം മാറി കരയായിട്ടു രണ്ടായിരത്തഞ്ഞൂറു കൊല്ലമേ ആയിട്ടുള്ളൂ എന്നാണ ഭൂവിജ്ഞാനീയന്മാരുടെ അഭിപ്രായം. കൊടുങ്ങല്ലൂരിനും കൊല്ലത്തിനും മധ്യേയുള്ള കായലിൻറെ കിഴക്കേക്കര രണ്ടായിരം സംവത്സരത്തിനു മുമ്പു കടലായിരുന്നു എന്നു വിശ്വസിക്കുന്നതിനു ലക്ഷ്യങ്ങളുണ്ടെന്നു മലബാർ ഗസറ്ററിയറിൽ പറഞ്ഞിരിക്കുന്നു. ഇതുപോലെ കൊല്ലവർഷത്തിനു ശേഷവും കടൽ ഇറങ്ങി കരകൾ ഉണ്ടായിട്ടുണ്ട്. കൊങ്കണ കേരളത്തിനു മൂവായിരത്തിലധികം കൊല്ലത്തെ പഴക്കം ചരിത്രദൃഷ്ട്യാ കാണാവുന്നതാണ്. അശോകൻറെ കാലത്ത് ഇക്കേരളം പ്രസിദ്ധമായിരുന്നു. പരശുരാമൻറെ ചിത്പാവനബ്രാഹ്മണരുടെ ആവാസഭൂമി ആദ്യകാലത്ത് അവിടെ ആയിരുന്നു. ഭ്രഷ്ടന്മാരായ ബ്രാഹ്മണർ മലയാളത്തു വന്നിട്ടുണ്ടെന്നു പറയുന്നത് ഇവർ തന്നെ ആയിരിക്കണം.

തെലുങ്കരുടെ 'നായഡു' എന്ന സ്ഥാനമാണ കേരളത്തിൽ 'നായർ' എന്നായിത്തീരുന്നതെന്നു ലേഖകൻ പറയുന്നതു ശരിയല്ല. 'നായൻ' എന്ന പദത്തിൻറെ ബഹുവചനമാണ നായർ, നയനാർ, നായന്മാർ മുതലായവ. ഇവ മലയാളത്തും

പാണ്ടിയിലും ഉപയോഗിച്ചുവരുന്നുണ്ട്. മൂലദ്രാവിഡഭാഷയോട് അധികം അടുപ്പമുള്ളതു തമിഴിനാണ്. ഇതിനു ശേഷമേ തെലുങ്കുഭാഷ ജനിച്ചിരിക്കയുള്ളൂ. 'നായർ' എന്ന വാക്കിനെ തെലുങ്കർ നായഡു എന്നാക്കി ഉപോയഗിച്ചതായിരിക്കണം എന്നു വിചാരിക്കാനാണു യുക്തിയുള്ളത്. 'ഡ'കാരം ദ്രാവിഡർക്കില്ല. സംസ്കൃതത്തോടുള്ള സംസർഗ്ഗം കൊണ്ട് ഇങ്ങനെ പറ്റിയതായിരിക്കണം.
നമ്പൂതിരിമാർ എന്തിന് എപ്പോൾ എവിടെനിന്നും വന്നു എന്നും മറ്റും പറയാൻ ആർക്കും കഴിയാത്തത് അവർ വൈദിക ആര്യന്മാരല്ലാത്തതുകൊണ്ടും ശുദ്ധദ്രാവിഡരായതുകൊണ്ടുമാണ്. നമ്പൂതിരിശബ്ദം ദ്രാവിഡദേശത്തു മാത്രമേ നടപ്പുള്ളൂ. ഇവർ പേരുകളോടു 'രു' ചേർത്തു 'നാരായണരു' എന്നാക്കി ഉപയോഗിച്ചുവരുന്നതു തെലുങ്കരുടെ പക്കൽ നിന്നു വാങ്ങിത്തന്നെ ആയിരുന്നാലും ഇപ്രകാരം ഉപയോഗിക്കാത്ത നമ്പൂതിരിമായും വളരെയുണ്ട്. നമ്പൂരിമാരിൽ മരുമക്കത്തായികളും വേദം ചൊല്ലാൻ അധികാരമില്ലാത്തവരും കാണുന്നുണ്ട്. പക്ഷേ ഇപ്പോൾ വേദപഠനത്തിനധികാരമില്ലെന്ന് ആർക്കും ശഠിക്കാൻ നിവൃത്തിയില്ലായിരിക്കാം. നമ്മുടെ നാടന്മാർ എത്രയോ പേർ സായ്പന്മാർ ചമഞ്ഞ് അവരുടെ ഗോഷ്ഠികളെല്ലാം കാട്ടുന്നു. ഇതു പോലെ ആര്യന്മാരിൽ പല നടപടികളും നമ്പൂരിമാർ സ്വീകരിച്ചിരിക്കും.
ബുദ്ധമതത്തിനു മുമ്പു തന്നെ, അന്യരാജ്യങ്ങളിൽ പോയ പോലെ ആര്യന്മാരിൽ ചിലർ മലയാളത്തും വന്നിരിക്കാം. സോമയാജി, അക്കിത്തിരി, ഭട്ടതിരി മുതലായതെല്ലാം ആര്യനാമങ്ങളാണ്. മലയാളരാജ്യം ഭരിക്കുവാൻ തക്കവണ്ണം ആര്യന്മാർക്ക് എപ്പോഴെങ്കിലും പ്രാബല്യം സിദ്ധിച്ചിട്ടുള്ളതായി ചരിത്രം തെളിവ് തരുന്നില്ല. ആര്യന്മാരുടെ പരിഷ്കാരങ്ങളും മതതത്വങ്ങളും മറ്റും അന്നും ഈ ദ്രാവിഡദേശീയർ സ്വീകരിച്ചിരിപ്പാനും അതുപോലെ ദ്രാവിഡരുടേതും ചിലവ ആര്യന്മാർ സ്വീകരിച്ചിരിപ്പാനും ഇട വന്നിട്ടുള്ളതായി നമുക്കു കാണാം. ഉദാഹരണമായി പുനർജ്ജന്മതത്വവും മറ്റും ആര്യന്മാർക്കു ലഭിച്ചതു ദ്രാവിഡരിൽ നിന്നുമാണെന്നും അഭിപ്രായമുണ്ട്. ആര്യന്മാർ ഇന്ത്യയിൽ വന്നപ്പോൾ പരിഷ്കൃതാശയന്മാരായ ദ്രാവിഡരും ഇവിടെ ഉണ്ടായിരുന്നു. ഇവരോടു ചേർന്നതിൽ പിന്നീടു രണ്ടു കൂട്ടർക്കും ചില വിഷയത്തിലും അഭിവൃദ്ധിയുണ്ടായി. അന്നു ചാതുർവർണ്ണ്യം നടപ്പില്ലാതിരുന്നതുകൊണ്ട് ആർക്കും ഏതു വിദ്യയും യഥേഷ്ടം പഠിക്കാമായിരുന്നു.
ക്രിസ്താബ്ദം രണ്ടാം നൂറ്റാണ്ടിനു ശേഷമേ ചാതുർവർണ്ണ്യ ഏർപ്പാട് മലയാളത്തിൽ കടന്നിട്ടുള്ളൂ. അതുവരെ ജനങ്ങളെ അറവർ, ഉറവർ ഇങ്ങനെ രണ്ടു തരക്കാരായി നിശ്ചയിച്ചിരിക്കുന്നു. അറവരെ നായൻമാരെന്നും മറവരെ തീയ്യരെന്നും വിളിച്ചുവന്നു. ഇക്കാലത്ത് ഈ വാക്കുകളുടെ ഉപയോഗത്തിനു വല്ല ന്യൂനതയും

കണ്ടേക്കും. ഇതുകൊണ്ടു ബുദ്ധമതാഗമനവേളയിൽ ജാതിയെ ഉടയ്ക്കേണ്ട ക്ലേശം വന്നിരിക്കയില്ല. അഷ്ടാംഗഹൃദയവും ഇവിടെ നല്ലപോലെ നടപ്പിൽ ഇരുന്നു എന്നതിലേക്കു ദ്രാവിഡവൈദ്യഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നു. ബ്രാഹ്മണ മതവും പുരോഹിത ഏർപ്പാടും പ്രബലാവസ്ഥയിൽ എത്തിയ കാലത്താണു ജൈനമതവും ബുദ്ധമതവും അവതരിച്ചത്. ഈ രണ്ടു മതത്തിനും തമ്മിൽ വലിയ വ്യത്യാസമില്ല. ഈ മതക്കാരെ മിക്കവാറും നാസ്തികന്മാരായിട്ടാണ് ആസ്തിക ന്മാർ ഗണിച്ചിരിക്കുന്നത്. ഇവർ (ആസ്തികന്മാരായ) അദ്വൈതികളിൽ നിന്നും ഒരു പടി താഴെയായി വിജ്ഞാനമയകോശത്തെ പ്രധാനമായി സ്വീകരിച്ചിരി ക്കുന്നു. ബുദ്ധമതത്തിന് അശോകൻറെ കാലത്തു വളരെ പ്രചാരമുണ്ടായിരുന്നു. പിന്നീടു ക്രമേണ ക്ഷയിക്കയാണുണ്ടായത്. ബുദ്ധമതക്കാർ മലയാളത്തോ കേ രളത്തോ പോയിട്ടുള്ളതായി ചരിത്രം പറയുന്നുണ്ടെന്നു തോന്നുന്നില്ല. എങ്കിലും തിരുവിതാംകൂറിൽ കാണുന്ന ജൈന-ബുദ്ധമതക്കാരുടെ വിഗ്രഹാവശിഷ്ടങ്ങൾ കൊണ്ടു മലയാളത്തും അവർ വന്നിട്ടുള്ളതായി വിചാരിക്കാം. ഇതിൻറെ പ്രചാരം തിരുവിതാംകൂറിൽ എത്രത്തോളമുണ്ടായിരുന്നു എന്നു മിസ്റ്റർ ഗോ പിനാഥറാവു ആരാഞ്ഞറിഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിൻറെ മധ്യനാട്ടുകളിൽ ബുദ്ധവിഗ്രഹങ്ങളും ഉത്തരദക്ഷിണദിക്കുകളിൽ ജൈനവിഗ്രഹങ്ങളും ഇന്നും കാണുന്നുണ്ട്. നാഗരുകോവിൽ, കല്ലിൽ, ചിതറാൽ എന്നിവ ജൈനന്മാരുടെ വകയായിരുന്നു. അമ്പലപ്പുഴയ്ക്കും സമീപമായി ശ്രീമൂലവാസമെന്ന പേരിൽ ഒരു പ്രധാന ബുദ്ധക്ഷേത്രമുണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു. അമ്പലപ്പുഴെ കൃഷ്ണസ്വാമിക്ഷേത്രം പണിതിരക്കുന്നത് ആസ്ഥലത്താണെന്നും ചിലർ പ്രസ്താവി ക്കുന്നുണ്ട്. ജൈനമതക്കാർ കുറേ പേർ ഇപ്പോഴും കൊച്ചിയിലുണ്ടെന്നറിയുന്നു. ബുദ്ധമതം ക്ഷയിച്ചുവരുന്ന കാലത്തായിരിക്കണം മലയാളക്കരയിൽ ആയതു കാലുവെച്ചത്. ആദ്യകാലത്തു സഞ്ചാരത്തിനു സൗകര്യം കടൽമാർഗ്ഗമാകയാൽ അതുവഴി നേരത്തേ തന്നെ സിലോണിൽ പ്രവേശിച്ചിരുന്ന ബുദ്ധമതക്കാരിൽ ചിലർ അമ്പലപ്പുഴയ്ക്കു സമീപം ആദ്യമായി കരക്കിറങ്ങിയിരിക്കണം. അവിടെ പ്രധാനക്ഷേത്രമാകാനും മധ്യതിരുവിതാംകൂറിൽ പ്രചാരം ലഭിച്ചതിനും കാര ണം ഇതുതന്നെ ആയിരിക്കാം. ഇവർ പെരുമാക്കന്മാരുമായി പരിചയപ്പെട്ടു കാണുന്നതുകൊണ്ട് ഇവരുടെ വരവ് മൂന്നാം നൂറ്റാണ്ടിലാണെന്നൂഹിക്കണം. ബു ദ്ധമതക്കാർക്കു പ്രാബല്യം സിദ്ധിച്ചിരുന്നെങ്കിൽ ക്ഷേത്രങ്ങളിൽ നടന്നുവരുന്ന ഹിംസാപരമായ ക്രിയകൾക്കു സംഗതിയുണ്ടാകയില്ലായിരുന്നു. ഭദ്രകാളീക്ഷേ ത്രങ്ങൾ വളരെ പുരാതനകാലത്തേ ഉള്ളതാണ്. ക്രിസ്തു-മുഹമ്മദ് മതങ്ങൾ മലയാളത്തു പ്രവേശിച്ച് അനേകം സംവത്സരങ്ങൾ കഴിഞ്ഞിട്ടും, വിദ്യാഭ്യാസ ത്തിനു വളരെ സൗകര്യമുള്ള ഇക്കാലത്തു പോലും ഹീബ്രുവും അറബിഭാഷയും

ആ മതക്കാരുടെ ഇടയിൽ എത്ര പേർ പഠിച്ചു കാണുമെന്ന് അന്വേഷിക്കയാണെങ്കിൽ നൂറ്റിന് ഒന്നോ രണ്ടോ കണ്ടേക്കും. അതുകൊണ്ടു കുറച്ചുകാലം മാത്രം പ്രചരിക്കാൻ സാധിച്ച ബുദ്ധമതക്കാരുടെ പാലിഭാഷയ്ക്ക് എത്രത്തോളം പ്രവേശനം ലഭിച്ചിരിക്കുമെന്നൂഹിക്കാമല്ലോ. ഇതുകൊണ്ടുതന്നെയാണു പാലിക്കു മലയാളഭാഷയിൽ സ്ഥാനം കിട്ടാതിരുന്നത്. ബൗദ്ധന്മാരെക്കുറിച്ചു തമിഴിൽ ഒരു മഹാകാവ്യം രചിക്കുന്നതിന് അവരുടെ ചരിത്രം ഗ്രഹിച്ചാൽ മതിയാകും. ഇതുകൊണ്ടു പാലിഭാഷയ്ക്കോ ബുദ്ധമതത്തിനോ അധികം പ്രചാരം സിദ്ധിച്ചുവെന്നു വരണമെന്നില്ല.

സിലോൺ ദ്വീപ് ദ്രാവിഡദേശമാണല്ലോ. ഇപ്പോൾ കലർപ്പ് ചേർന്നുവെങ്കിലും ഇവിടത്തെ ആദിഭാഷ ശുദ്ധദ്രാവിഡം തന്നെ ആയിരിക്കണം. അതിൻറെ ആദ്യനാമം ഈഴദ്വീപെന്നോ ലങ്കയെന്നോ ആയിരുന്നിരിക്കണം. ഒരു കാലത്ത് അവിടെ കള്ളിച്ചെടി സമൃദ്ധിയായി വളർന്നുവന്നിരുന്നതിനാലോ സ്ഥലത്തിൻറെ അഴകു കൊണ്ടോ ഈ പേർ വിളിച്ചതായിരിക്കണം. ഇവിടുത്തെ ജനങ്ങളെ ഈഴവർ എന്നു വിളിക്കാവുന്നതാണല്ലോ. മലയാളത്തിലെ ഈഴവനാമധാരികൾ സിലോണിൽ നിന്നു വന്നവരായിരിക്കണം. എപ്പോൾ വന്നുവെന്നോ പറവാൻ വഴി കാണുന്നില്ല. ബുദ്ധമതക്കാരായിരുന്നെങ്കിൽ തെങ്ങുചെത്ത് മുതലായ പ്രവൃത്തികൾ ചെയ്യുമെന്നു തോന്നുന്നില്ല. ഇലങ്കുക എന്നതിനു പ്രകാശിക്കുക എന്നു തമിഴിൽ 'ഇലങ്കൈ' എന്നു വിളിക്കുകയും ഒടുവിൽ ലങ്ക എന്നായി പരിണമിക്കയും ചെയ്തത്. സിംഹളം എന്ന പാഠം കൊച്ചിയെ ഗോശ്രീ ആക്കിയപോലെ ചെങ്കളത്തെ സിംഹളം എന്നാക്കിത്തീർത്തതായിരിക്കണം. ചെങ്കളം എന്നതിന് അർത്ഥം അഴകുള്ള പ്രദേശം എന്നാകുന്നു. ചെങ്കളം, ചിങ്കളം, ശിങ്കളം, സിങ്കളം, സിംഹളം ഇങ്ങനെ പരിണമിക്കുകയും ഇതിനെ പാശ്ചാത്യർ സിലോൺ എന്നാക്കിത്തീർക്കയും ചെയ്തിരിക്കണം. എഴുത്തച്ഛൻറെ കാലത്ത് സംസ്കൃതത്തിനും, മലായളരാജ്യത്തു നല്ല പ്രചാരം ഉണ്ടായിരുന്നു. അക്കാലത്തിനു സമീപമായിരുന്നല്ലോ ചമ്പുഗ്രന്ഥങ്ങളുടെ പുറപ്പാട്. അദ്ധ്യാത്മരാമായണത്തിൻറെ മൂലഗ്രന്ഥം സംസ്കൃതമാകയാൽ അതിനെ പരിഭാഷപ്പെടുത്തുവാൻ സംസ്കൃതമഹാംബുധിയെ തരണം ചെയ്ത എഴുത്തച്ഛനു തെലുങ്കക്ഷരഗ്രന്ഥം തന്നെ വേണമെന്നില്ലല്ലോ. ഇതു കൂടാതെ മഹാഭാരതാദി സംസ്കൃതകൃതികളേയും അദ്ദേഹം മലയാളഭാഷയിൽ ചമച്ചിരിക്കുന്നു. അദ്ധ്യാത്മരാമായണത്തിലെ തത്വോപദേശങ്ങളിൽ മൂലഗ്രന്ഥത്തെ ആശ്രയിക്കാതെ എഴുത്തച്ഛൻ അദ്വൈതതത്വങ്ങളെ സ്വന്തമാക്കി എഴുതിച്ചേർത്തിരിക്കുന്നു. മലയാളഭാഷയ്ക്കു പുഷ്ടി വരുത്തിയ കൂട്ടത്തിൽ മറ്റെല്ലാ ഭാഷകളേക്കാൾ സംസ്കൃതത്തിനാണു പ്രാധാന്യം കല്പിക്കേണ്ടത്. ഇങ്ങനെ ഭാഷ

യെ പുഷ്ടിപ്പെടുത്തിയവരിൽ എഴുത്തച്ഛനു പ്രഥമസ്ഥാനം നല്കേണ്ടിയുമിരിക്കുന്നു. മേലെഴുതിയിട്ടുള്ള സംഗതികളെ വെച്ചുകൊണ്ടു സമഗ്രമായി ചിന്തിക്കുമ്പോൾ ദ്രാവിഡദേശഭാഷാജനങ്ങളുടെ മാഹാത്മ്യം അവ്യക്തമാകുന്നു. ദ്രാവിഡഭാഷയിൽ അന്യഭാഷകളുടെ സംക്രമണം ഉണ്ടായിട്ടുണ്ടെങ്കിൽ പ്രാഥമ്യം സംസ്കൃതത്തിനു തന്നെ നല്കേണമെന്നും പാല്യാദിഛായകൾ തുച്ഛങ്ങളെന്നു ഗണിക്കേണ്ടതാണെന്നും മലയാളഭാഷയെ നോക്കുകയാണെങ്കിൽ ഇത്തരം പ്രസംഗത്തിനു യാതൊരവകാശവുമില്ലെന്നും പറയേണ്ടിയിരിക്കുന്നു.

പ്രസാധകർ
താളിളക്കം